# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.23 | No.5 | കാർത്തികപ്പള്ളി | R.No. 7361/02 | 2023 MAY

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## നാക്കുപിഴയ്ക്കാത്ത അവതാരക




ഉച്ചാരണം തെറ്റില്ല, വാക്കുകൾക്കായി തപ്പിത്തടയില്ല, കൃത്യമായി ഭരണകൂട നയങ്ങൾക്കുള്ളിൽ നിന്നുകൊണ്ടു സംസാരിക്കും. ദിവസത്തിൽ 24 മണിക്കൂറും വർഷത്തിൽ 365 ദിവസവും ജോലി ചെയ്യും. ഇതു റെൻ സിയാവോറോംഗ്, ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ഔദ്യോഗിക മാധ്യമമായ പീപ്പിൾസ് ഡെയ്‌ലിയുടെ അവതാരക. നാക്കു പിഴ ഉണ്ടാകില്ലെന്നുള്ളതാണു റെന്നിന്റെ പ്രധാന ആകർഷണം. പാർട്ടി നയത്തിനുള്ളിൽ നിന്നേ സംസാരിക്കൂ.

ചാറ്റ് ജി.പി.ടി. യുഗത്തിൽ ചൈനയുടെ എ.ഐ. വാർത്താ അവതാരകയാണു റെൻ. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ ഒരു ജോലികൂടി ആർട്ടിഫിഷൽ ഇന്റലിജൻസ് കൈയടക്കിയിരിക്കുന്നു. പീപ്പിൾസ് ഡെയ്‌ലിയുടെ മൊബൈൽ ആപ്പിലാണ് ഇപ്പോൾ റെൻ 'ജോലിയെടുക്കുന്നത്'. ആയിരക്കണക്കിനു ടിവി അവതാരകരെ നിരീക്ഷിച്ച ശേഷമാണു റെന്നിനെ സൃഷ്ടിച്ചെടുത്തത്. കറുത്തവേഷമണിഞ്ഞ യുവതിയായാണ് 'അവതാരം'. രൂപവും ശബ്ദവും മാറിയുള്ള മറ്റ് അവതാരകരും പിന്നാലെയെത്തും.

## സൂര്യവിസ്മയം



ജ്യോതിശാസ്ത്രജ്ഞരെ എപ്പോഴും അമ്പരപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു നക്ഷത്രമാണ് സൂര്യൻ. സൂര്യനിൽനിന്ന് വലിയൊരു കഷണം അടർന്നുപോയി എന്ന് അടുത്തിടെയാണ് കണ്ടെത്തിയത്. ആ കഷണം സൂര്യന്റെ ഉത്തരധ്രുവത്തിൽ ടൊർണാഡോയ്ക്ക് സമാനമായ ചുഴലിക്കാറ്റ് ഉണ്ടാക്കിയെന്നും കരുതുന്നു. യു.എസ്. ബഹിരാകാശ ഗവേഷണ ഏജൻസിയായ നാസയുടെ ദൂരദർശിനിയായ ജയിംസ് വെബ്ബാണ് സൂര്യനിലെ ഈ വിസ്മയത്തിന്റെ വിവരങ്ങൾ പുറത്തുകൊണ്ടുവന്നത്. എന്നാൽ ഇതെങ്ങനെ സംഭവിച്ചു എന്നതിനെക്കുറിച്ചുള്ള പഠനങ്ങൾ നടക്കുന്നതേയുള്ളൂ. സൂര്യനിൽനിന്ന് വരുന്ന ജ്വാലകൾ ചിലപ്പോൾ ഭൂമിയിലെ വാർത്താവിനിമയത്തെ തടസ്സപ്പെടുത്തിയേക്കുമെന്ന് ശാസ്ത്രജ്ഞർക്ക് ആശങ്കയുമുണ്ട്

## രക്തതടാകം



രക്തത്തിന്റെ നിറമുള്ള ജലം. അതു കുടിക്കാൻ ഇറങ്ങിയ മൃഗങ്ങൾക്കു മടക്കമില്ല! ടാൻസാനിയയിലെ ഭീതിപ്പെടുത്തുന്ന നാട്രോൺ തടാകത്തിന്റെ രഹസ്യം ഗവേഷകർ കണ്ടെത്തി. ലോകത്തിലെ ഏറ്റവും അപകട സാധ്യതയുള്ള തടാകം കൂടിയാണിത്. ജലത്തിനു രക്തത്തിന്റെ നിറം നൽകുന്നത് ബാക്ടീരിയകളും ചില സൂക്ഷ്മജീവികളുമാണെന്നു ലെയ്സെസ്റ്റർ സർവകലാശാലയിലെ ഗവേഷകൻ ഡേവിഡ് ഹാർപർ പറഞ്ഞു.

സമീപമുള്ള അഗ്നിപർതമായ ഓൾഡോയിൻയോ ലെംഗായിയാണു തടാകത്തിലെ രാസവസ്തുക്കൾക്കു പിന്നിലുള്ളത്. തടാകത്തിനടിയിൽനിന്നു ലഭിച്ച മൃഗങ്ങളുടെ ശരീരാവശിഷ്ടങ്ങൾക്കു 19,000 വർഷം വരെ പഴക്കമുള്ളതായാണു കണ്ടെത്തിയിട്ടുള്ളത്. 2016-ൽ ജിയോളജിസ്റ്റുകൾ നാട്രോൺ തടാകത്തിന്റെ തീരത്തെ ചെളിയിൽ 400-ൽ അധികം മനുഷ്യ കാൽപ്പാടുകൾ കണ്ടെത്തി.

## സത്യം, സ്ത്രീകൾക്കല്ല നീണ്ട നാക്ക്, പുരുഷനാണ്!



സ്ത്രീകളുടെ നാക്കിനു നീളം കൂടുതലാണെന്നു പണ്ടുമുതൽക്കേ പറഞ്ഞുവരുന്ന കാര്യമാണ്. എന്നാൽ ലോകത്തെ ഏറ്റവും നീളമുള്ള നാക്കിന്റെ ഉടമ സ്ത്രീയല്ല. ഒരു പുരുഷനാണ്. ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്സ് അനുസരിച്ച് അമേരിക്കക്കാരനായ നിക്ക് സ്റ്റോബെർ എന്ന യുവാവാണ് ലോകത്തെ ഏറ്റവും നീളമുള്ള നാക്കിന്റെ ഉടമ. 10.1 സെന്റിമീറ്റർ (3.97 ഇഞ്ച്) ആണു നിക്ക് സ്റ്റോബെറിന്റെ നാക്കിന്റെ നീളം.

സ്ത്രീകളിൽ ലോകത്തെ ഏറ്റവും നീളമേറിയ നാവിന്റെ ഉടമ യു.എസിലെ തന്നെ കാലിഫോർണിയയിൽ നിന്നുള്ള വിദ്യാർഥിനിയായ ചാനൽ ടാപ്പർ ആണ്. ഇവരുടെ നാക്കിന്റെ നീളം 9.75 സെന്റിമീറ്റർ (3.80 ഇഞ്ച്) മാത്രം.

കുട്ടിക്കാലം മുതൽ തന്നെ തന്റെ നാവിന് സാധാരണയിലും കൂടുതൽ നീളമുള്ളതായി മനസിലായിരുന്നതായി നിക്ക് പറയുന്നു. മറ്റാരും അധികം ചെയ്യാത്ത ഒരു കാര്യം കൂടി നിക്ക് തന്റെ നീളൻ നാക്കുകൊണ്ട് ചെയ്യും. നാവുപയോഗിച്ച് മനോഹരമായ ചിത്രങ്ങൾ വരയ്ക്കും, നാവിൽ പ്ലാസ്റ്റിക് കവർ ചുറ്റിയശേഷം നാവ് പെയിന്റിൽ മുക്കിയാണ് ഇദ്ദേഹം ചിത്രം വരയ്ക്കുക. ബ്രിട്ടീഷ് ബോഡ് ഗെയിമായ ജെംഗാ ബ്ലോക്സിന്റെ അഞ്ച് ബ്ലോക്കുകൾ നാവുപയോഗിച്ച് അതിശയിപ്പിക്കുന്ന വേഗത്തിൽ എടുത്ത് മാറ്റി വയ്ക്കാനും ഇദ്ദേഹത്തിനു കഴിയും

## ആഹാര നിരീക്ഷകൻ!



ഭക്ഷണവുമായി ബന്ധപ്പെട്ട മറ്റൊരു രസികൻ കണ്ടുപിടിത്തമാണ് ബിറ്റ്ബൈറ്റ്. ഇയർഫോൺ പോലെ ചെവിയിൽ ചേർത്തുവയ്ക്കുന്ന ഒരു കുഞ്ഞൻ ഉപകരണമാണിത്. അവിടെയിരുന്ന് ആ വിരുതൻ നമ്മൾ ഭക്ഷണം കഴിക്കുന്നതെല്ലാം ശ്രദ്ധിക്കും! ശരീരത്തിന്റെ ആരോഗ്യം നിലനിർത്താൻ എന്തെല്ലാം കഴിക്കണം, എത്ര കഴിക്കണം, എപ്പോൾ കഴിക്കണം, എപ്പോൾ നിർത്തണം... ഇതൊക്കെ ബിറ്റ്ബൈറ്റ് അപ്പോഴപ്പോൾ പറഞ്ഞുതരും. ഏതെങ്കിലും നേരത്തെ ഭക്ഷണം വൈകിയാൽ ഓർമ്മിപ്പിക്കാൻ പോലും ആ ഉപകരണത്തിനറിയാം.

## ആരും അറിയാതെ



തൊട്ടടുത്ത് പലരും നിൽപ്പുണ്ട്. അതിനിടയിൽ അതാ, ഒരു ഫോൺ വരുന്നു! ഫോണിൽ സംസാരിക്കുന്നത് ചുറ്റുമുള്ളവർ കേൾക്കേണ്ടാത്ത കാര്യമാണെന്നു കരുതുക. അപ്പോൾ എന്തുചെയ്യും? അതിനാണ് 'ഹഷ്മി' (Hushme) എന്ന ഈ ഉപകരണം ഒറ്റനോട്ടത്തിൽ ഒരു മാസ്ക് ആണെന്നേ തോന്നു. എന്നാൽ, ചുറ്റുമു ള്ളവർ കേൾക്കാതെ ഫോണിൽ സംസാരിക്കാൻ സഹായിക്കുന്ന ഈ ഉപകരണം റോമൻ സകുൻ എന്ന യുക്രെയ്ൻകാരനും കൂട്ടുകാരും ചേർന്നാണ് നിർമ്മിച്ചത്.

## 12 വാക്ക് @ 1 സെക്കന്റ്




ഒരു സെക്കന്റിൽ എത്ര വാക്ക് പറയാൻ കഴിയും? കാനഡക്കാരനായ ഷോൺ ഷാനൻ ഈ ചോദ്യം കേട്ടാൽ പറയും 12 എന്ന്! ഷേക്സ്പിയറിന്റെ ഹാംലറ്റിലെ 'To be or not to be' എന്ന ഭാഗം 23.8 സെക്കന്റിലാണ് അദ്ദേഹം പറഞ്ഞുതീർത്തത്. 260 വാക്കുകളാണ് ഈ ഭാഗത്തിലുള്ളത്. ഏറ്റവും വേഗത്തിൽ ഇംഗ്ലീഷ് സംസാരിക്കുന്നയാൾ എന്ന ഗിന്നസ് റെക്കോർഡ് ഇതിലൂടെ ഷോൺ ഷാനൻ സ്വന്തമാക്കി.

## ഫ്ളാസ്ക് ടൈ



കോട്ടും ടൈയുമൊക്കെ ധരിച്ച് പ്രധാനപ്പെട്ട ഒരു മീറ്റിങ്ങിൽ പങ്കെടുക്കുകയാണ് ഒരാൾ. അതിനിടെയാണ് വല്ലാത്ത ദാഹം തോന്നിയത്. വെള്ളം വച്ചിരിക്കുന്ന സ്ഥലത്തേക്കു പോയി കുടിക്കാനുള്ള സാവകാശമില്ല. അയാൾ എന്തു ചെയ്തെന്നോ? ടൈയിലെ ചെറിയൊരു അടപ്പു തുറന്ന് വലിച്ചു കുടിച്ചു! അതെ അതൊരു 'ഫ്ളാസ്ക് ടൈ'ആയിരുന്നു. ടൈയുടെ ഉള്ളിൽ അത്യാവശ്യത്തിന് വെള്ളമോ ജ്യൂസോ സൂക്ഷിക്കാം. തിരക്കിട്ട ജോലിക്കിടയിൽ ദാഹം മാറ്റാം. 2013-ൽ വന്ന ഇതിന്റെ പല 'വേർഷനുകൾ' ഇന്ന് നിലവിലുണ്ട്.

## ഉയരത്തിലേക്കൊരു സൂര്യകാന്തി



വളർന്നുവളർന്ന് സൂര്യനിലേക്ക് നേരിട്ട് എത്താനുള്ള പോക്കാണെന്നു തോന്നും ഈ സൂര്യകാന്തിച്ചെടി കണ്ടാൽ! കാരണം, ഇതിന് മുപ്പതടിയോളം ഉയരമുണ്ട്. അതായത്, ഏകദേശം അഞ്ചാളുടെ പൊക്കമുള്ള സൂര്യകാന്തിച്ചെടി! കൃത്യമായിപറഞ്ഞാൽ 9.17 മീറ്റർ പൊക്കം! ജർമ്മനിയിലെ ഹാൻ പീറ്റർ ഷിഫർ എന്നയാളാണ് ഈ ചെടി വളർത്തിയത്.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# സാധ്യതയും അവകാശവും



**ബൈ**ബിൾ ദൈവശ്വാസീയമാണെന്നും അത് അക്ഷരാർത്ഥത്തിൽ തന്നെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യാനുള്ളതാണെന്നും പറയുന്ന സുവിശേഷവിഹിതരായ ക്രിസ്ത്യാനികൾ തന്നെ ചില ആത്മീയസത്യങ്ങളുടെ നേരേ കണ്ണടയ്ക്കാറില്ലേ? ഉദാഹരണത്തിന് 'നിങ്ങൾ കൃപയ്ക്കധീനരാകയാൽ പാപം നിങ്ങളുടെമേൽ കർത്തൃത്വം നടത്തുകയില്ല' എന്ന വചനം (റോമർ 6:14) ശ്രദ്ധിക്കുക. സംശയത്തിനു നേരിയ ഇടപോലും ശേഷിപ്പിക്കാത്ത എത്ര വ്യക്തവും ശക്തവുമായ ഒരു വചനം! എന്നിട്ടും ഈ സത്യം ഇന്നു മിക്കവിശ്വാസികളെ സംബന്ധിച്ചിടിത്തോളം പ്രാവർത്തികമായിട്ടില്ല. എന്തുകൊണ്ടാണ്?

പ്രധാനകാരണം ഇതേപ്പറ്റിയുള്ള പ്രസംഗങ്ങളും എഴുത്തുകളും ഇന്നു നന്നേ വിരളമാണ് എന്നതുതന്നെ. 'ആരും പ്രസംഗിക്കാതെ എങ്ങനെ കേൾക്കും കേൾക്കാതെ എങ്ങനെ വിശ്വസിക്കും?'

പാപത്തിന്മേൽ ജയമുള്ള ഒരു ജീവിതം ഒരു ദൈവമകന് മകൾക്ക് ഈ ഭൂമിയിൽ തന്നെ ദൈവം വച്ചിരിക്കുന്ന ഒരു സാധ്യതയാണ്. പക്ഷേ ഈ അവകാശത്തിലേക്ക് പലർക്കും ഇന്നു നടന്നുകയറാനുള്ള തടസ്സം എന്താണ്? അവിശ്വാസം തന്നെ.

പഴയനിയമസഭയായ യിസ്രായേലും ഈ നിലയിൽ ദൈവം അവർക്കായി വച്ചിരുന്ന ഒരു അവകാശം അവിശ്വാസംമൂലം നഷ്ടപ്പെടുത്തിയതിനെക്കുറിച്ച് എബ്രായർ മൂന്ന്, നാല് അധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്. ദൈവിക സ്വസ്ഥതയായ കനാൻ നാട്ടിലേക്കു പ്രവേശിക്കാനുള്ള സാധ്യതയായിരുന്നു അവർ നഷ്ടമാക്കിയത്.

കനാൻനാട് സ്വർഗ്ഗത്തിന്റെ നിഴലാണെന്നാണ് ഇന്നു മിക്ക വിശ്വാസികളും കരുതുന്നത്. സ്വർഗ്ഗീയകനാൻ തുടങ്ങിയ പ്രയോഗങ്ങളും പാട്ടുകളും ഓർക്കുക. എന്നാൽ വാസ്തവത്തിൽ കനാൻ സ്വർഗ്ഗത്തിന്റെ നിഴലല്ല. കനാനിൽ യിസ്രായേലിന് മല്ലന്മാരോട് യുദ്ധം ചെയ്യേണ്ടിവന്നു. എന്നാൽ സ്വർഗ്ഗത്തിൽ നമുക്ക് ഒന്നിനോടും പാപത്തോടും യുദ്ധം ചെയ്യേണ്ടിവരികയില്ലല്ലോ. അങ്ങനെയെങ്കിൽ കനാൻ എന്താണ്?



കനാനെ ശബ്ബത്തനുഭവം, സ്വസ്ഥത എന്നെല്ലാമാണു എബ്രായ ലേഖനകാരൻ വിശേഷിപ്പിച്ചിരിക്കുന്നത്. പാപവും സ്വയത്തിന്റെ പ്രവൃത്തികളുമല്ലേ വാസ്തവത്തിൽ നമ്മുടെ സ്വസ്ഥത നശിപ്പിക്കുന്നത്? പാപം നമ്മെ അസ്വസ്ഥരാക്കുന്നു. അതുകൊണ്ട് പാപത്തിന്മേൽ ജയമുള്ള ഒരു ജീവിതമാണ് കനാൻ. ചുരുക്കത്തിൽ ദൈവജനത്തിന് ഈ ഭൂമിയിൽ തന്നെ ദൈവം വച്ചിരിക്കുന്ന ഒരു സാധ്യതയാണു വിജയകരമായ ഒരു ജീവിതം.

കനാനിൽ പ്രവേശിക്കാൻ കഴിയാതെ മരുഭൂമിക്കു വളമായിത്തീർന്ന യിസ്രായേൽമക്കൾ സാധാരണക്കാരായിരുന്നോ? അല്ല. അവരുടെ പ്രത്യേകത ശ്രദ്ധിക്കുക: "സഹോദരന്മാരേ, നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിൻകീഴിൽ ആയിരുന്നു. എല്ലാവരും സമുദ്രത്തൂടെ കടന്നു എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടു ചേർന്നു.... എങ്കിലും അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല. അവരെ മരുഭൂമിയിൽ തള്ളിയിട്ടുകളഞ്ഞു. ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു." (1 കൊരിന്ത്യർ 10:1-5).

ഇന്നത്തെ വിശ്വാസസമൂഹത്തിന്റെ ഒരു പ്രതീകമാണ് ഇവരെന്നു കാണാം. അവർ പെസഹയും ചോരത്തളിയും ആചരിച്ചു മിസ്രയേമിൽ നിന്ന് ഇറങ്ങി പുറപ്പെട്ടവരാണ്. ഇതു വീണ്ടും ജനനത്തിന്റെ നിഴലാണ്. അവർ സമുദ്രത്തിലൂടെ കടന്നു മോശെയോടു ചേർന്നു. ഇതു വിശ്വാസസ്നാനത്തിന്റെ പ്രതീകം. മേഘത്തിലൂടെ കടന്നത് ആത്മസ്നാനത്തിന്റെ മുൻകുറി. എങ്കിലും അവർ വിജയകരമായ ജീവിതത്തിന്റെ നിഴലായ കനാനിൽ പ്രവേശിക്കാഞ്ഞതുമൂലം മരുഭൂമിയിൽ നശിച്ചുപോയി, യിസ്രായേൽ പ്രതീകാത്മകമായി പിന്നിട്ട ആത്മീയമുന്നേറ്റത്തിന്റെ ഒരോ നാഴികക്കല്ലിനും ചുറ്റും ഒരോ സഭകൾ തീർത്തവരാണ് ഇന്നു ക്രിസ്തീയഗോളത്തിൽ ഉള്ളവരെന്നു കാണാം. ചിലർ വീണ്ടും ജനനവും രക്ഷാനുഭവവും അവിടെ വരെ മാത്രമേ വന്നിട്ടുള്ളൂ. ആ അനുഭവത്തിനുചുറ്റും അവർ തങ്ങളുടെ സഭ പണിതിരിക്കുന്നു. രക്ഷയിൽനിന്ന് ഒരു പടികൂടി മുന്നോട്ടു വന്നു വിശ്വാസസ്നാനവും കൂടി അംഗീകരിക്കുന്നവരാണു മറ്റുചില സഹോദരന്മാർ അതിനുചുറ്റുമാണ് അവരുടെ സഭ. അവിടെനിന്നും മുന്നോട്ടു വന്നു പരിശുദ്ധാത്മസ്നാനം കൂടി അംഗീകരിക്കുന്ന പെന്തക്കോസ്തു വിശ്വാസികളാകട്ടെ അവിടെ വച്ചു 'ഫ്രീസു ചെയ്യപ്പെട്ട് ആ അനുഭവത്തിനു ചുറ്റും തങ്ങളുടെ സഭ സ്ഥാപിച്ചിരിക്കുന്നു. പക്ഷേ ഒന്നോർക്കുക; പഴയനിയമ യിസ്രായേൽ ഈ അനുഭവങ്ങളിലൂടെയെല്ലാം കടന്നുവന്നിട്ടും അടുത്ത പടിയായ പാപത്തിന്മേൽ ജയമുള്ള വിജയകരമായ ജീവിതത്തിന്റെ നിഴലായ കനാന്റെ സ്വസ്ഥതയിൽ പ്രവേശിക്കാത്തതു മൂലം മരുഭൂമിയിൽ പട്ടുപോയി.

എത്ര ഗൗരവത്തോടെ നാം ഈ കാര്യം കാണേണ്ടിയിരിക്കുന്നു. അതുകൊണ്ട് പരിശുദ്ധാത്മാവു നൽകുന്ന ഈ മുന്നറിയിപ്പു ശ്രദ്ധിക്കുക: "അവരെപ്പോലെ (യിസ്രായേലിനെപ്പോലെ) നാമും ഒരു സദ്വർത്തമാനം കേട്ടവർ ആകുന്നു. എങ്കിലും കേട്ടവരിൽ വിശ്വാസമായി പരിണമിക്കായ്കൊണ്ട് കേട്ടവചനം അവർക്ക് (യിസ്രായേലിന്) ഉപകാരമായി വന്നില്ല. വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു".

നിങ്ങൾ ഇതു വിശ്വസിക്കുമോ? എങ്കിൽ 'നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കും' (മത്തായി 9:29).



# ചുവന്ന വിപ്ലവകാരി



തുടർച്ച

**സ**കല അശുദ്ധിയുടേയും സകല പാപത്തിന്റേയും നിർമ്മാണശാലയായ ഹൃദയത്തിന്റെ പ്രദർശനശാലയാണ് നാവ്. ഹൃദയത്തിന്റെ ദുഷ്ടത വരച്ചുകാണിക്കുവാൻ എന്റെ ലളിതമായ വാക്കുകൾക്ക് സാധിക്കുകയില്ല. മ്ലേച്ഛമായ ഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന മ്ലേച്ഛത അധരങ്ങളിൽ കൂടിയാണ് പുറത്തുവരുന്നത്. ഏറ്റവും ശക്തമായ വാക്കുകൾ തീർച്ചയായും സദൃശവാക്യങ്ങൾ 18:21 ൽ പറഞ്ഞിട്ടുള്ളതു തന്നെയാണ്. "മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു."

ഉരുളുന്ന കല്ലിൽ പായൽ പിടിക്കുകയില്ല, പക്ഷേ കൈമറിഞ്ഞു പോകുന്ന വാക്കുകളുടെ കാര്യമോ? ഓരോ തവണയും ആവർത്തിക്കുമ്പോൾ അതിനോട് ചിലത് കൂട്ടിച്ചേർക്കുകയും കൈമറിഞ്ഞുപോകുന്ന അതിൽ നിന്ന് ചിലത് എടുത്തു മാറ്റുകയും ചെയ്ത് അവസാനം അത് സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു കാര്യമായിത്തീരുന്നു. ഒരു കുശുകുശുപ്പിൽ നിന്ന് ഒരു കിംവദന്തി ആരംഭിക്കുന്നു. അത് വലുതായി, വലിയ കോലാഹലമായി, ആരുടെയൊക്കെയോ ഹൃദയത്തെ തകർത്തുകളയുന്നു. വാക്കുപെരുകിയാൽ ലംഘനം ഇല്ലാതിരിക്കയില്ല; അധരങ്ങളെ അടക്കുന്നവനോ ബുദ്ധിമാൻ. (സദൃശ 10:19), ഭോഷൻ വാക്കുകളെ വർദ്ധിപ്പിക്കുന്നു" (സഭാപ്ര: 10:14). ഈ വചനങ്ങൾ നിങ്ങളെ അത്ഭുതപ്പെടുത്തിയിട്ടുണ്ടോ?

നമ്മുടെ സംസാരം കൊണ്ട് മറ്റുള്ളവരുടെ ഹൃദയത്തെ കീറിക്കളയുകയും, വേദനിപ്പിക്കുകയും ചെയ്യുമ്പോൾ; ആവശ്യമില്ലാതെ എന്തുമാത്രം വേദനയാണ് നമ്മൾ ഉണ്ടാക്കുന്നത്. നമ്മുടെ സംഭാഷണത്തിലെ ഗൗരവമില്ലായ്മയെപ്പറ്റിയും, ശുശ്രൂഷകന്മാരുടെ സംഭാഷണങ്ങളിലെ അശ്രദ്ധയും അതിഭാവുകത്വവും കലർന്ന ഭാഷാശൈലിയെപ്പറ്റിയും ഒരു വാക്കു മുന്നറിയിപ്പു തരുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവചനത്താൽ ഒരിക്കലും ന്യായീകരിക്കപ്പെടാൻ കഴിയാത്തവിധം എത്രമാത്രം മോശമായ കാര്യങ്ങളാണ് നമ്മുടെ അധരങ്ങളിൽ നിന്ന് പുറത്തുവരുന്നത്. ഒരുകാലത്ത് പ്രഗത്ഭനായ ഒരു ഫുട്ബോൾ കളിക്കാരനായിരുന്ന അതികായനായ ഒരു മനുഷ്യനെ ഞാൻ ഈയിടെ കണ്ടുമുട്ടി. ഇപ്പോൾ മുഴുസമയ സുവിശേഷകനായ, വളരെ ഭക്തനായ ഒരാൾ. തനിക്കെതിരായി വിശ്വാസികൾ പ്രചരിപ്പിക്കുന്ന അപഖ്യാതിയെയും ചതിവിനെയും പറ്റി പറഞ്ഞപ്പോൾ അദ്ദേഹം പൊട്ടിക്കരഞ്ഞുപോയി.



ഇന്നത്തെ ക്രിസ്ത്യാനികൾ കൊരിന്തിലെ ക്രിസ്ത്യാനികളേക്കാൾ മെച്ചപ്പെട്ട നിലയിലാണോ? അവർക്ക് ഉപയോഗിക്കുവാൻ വിശുദ്ധ വേദപുസ്തകം ഇല്ലായിരുന്നു എങ്കിലും പൗലോസ് അപ്പോസ്തലൻ ധൈര്യപൂർവ്വം അവർക്ക് കത്തെഴുതി, "ഞാൻ വരുമ്പോൾ ഞാൻ ഇച്ഛിക്കാത്ത വിധത്തിൽ നിങ്ങളെ കാണുകയും നിങ്ങൾ ഇച്ഛിക്കാത്തവിധത്തിൽ എന്നെ കാണുകയും ചെയ്യുമോ എന്നും; പിണക്കം, ഈർഷ്യ, ക്രോധം, ശാഠ്യം, ഏഷണി, കുശുകുശുപ്പ്, നിഗളം, കലഹം എന്നിവ ഉണ്ടാകുമോ എന്നും ഞാൻ ഭയപ്പെടുന്നു. ഇവയെല്ലാം നാവിന്റെ ഉത്പന്നങ്ങളാണ്. പ്രിയ സുഹൃത്തേ ഇപ്പോൾ തന്നെ ഒരു സ്വയപരിശോധനാ പട്ടിക ഉണ്ടാക്കുക. തർക്കിച്ചു ജയിക്കുവാൻ വേണ്ടി മാത്രം യാതൊരു പ്രയോജനവുമില്ലാത്തതും, അപഹാസ്യവുമായ വാദപ്രതിവാദങ്ങളിൽ നിങ്ങൾ ഏർപ്പെടാറുണ്ടോ? അത്തരം സന്ദർഭങ്ങളിൽ മിക്കവാറും സംഭവിക്കുന്നത് വാദപ്രതിവാദത്തിൽ നമ്മൾ ജയിക്കും, പക്ഷേ സുഹൃത്ത് നഷ്ടമാകും. ക്രിസ്ത്യാനികൾ എന്ന് നടിച്ചിരുന്ന കൊരിന്തുകാരുടെ ഇടയിൽ പിണക്കം, ഈർഷ്യ, ക്രോധം, ശാഠ്യം, ഏഷണി, കുശുകുശുപ്പ്, നിഗളം, കലഹം എന്നിവ ഉണ്ടായിരുന്നു എന്ന് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു.

യേശുക്രിസ്തുവിനുശേഷം ലോകത്തിൽ ജീവിച്ചിരുന്ന സകല ഉപദേഷ്ടാക്കളേക്കാളും ഏറ്റവും മഹാൻ പൗലോസ് അപ്പൊസ്തൊലൻ ആയിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിലും എത്ര താഴ്മയോടെയാണ് അദ്ദേഹം എഴുതിയത്. സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ ജ്ഞാനത്തിന്റെയോ വൈഭവം കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോടു പ്രസ്താവിക്കാൻ വന്നത്. ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു (കൊരിന്ത്യ 2:1-3).

തുടർന്ന് 4-ാം വാക്യത്തിൽ "എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാൽ അല്ല...." എന്നെഴുതിയിരിക്കുന്നു. തീപ്പൊരി പ്രസംഗങ്ങൾ കൊണ്ട് ചെപ്പടിവിദ്യ കാണിക്കുന്ന ജനസമ്മതനായ ഒരു പ്രസംഗകനായിരുന്നില്ല അദ്ദേഹം. യേശുവിനെ മഹത്വപ്പെടുത്തുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ വേല. പ്രസംഗത്തെക്കാൾ പ്രസംഗകനെയാണ് ജനം ഓർക്കുന്നതെങ്കിൽ എവിടെയോ തെറ്റുപറ്റി. തന്റെ പ്രസംഗം ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാൽ അല്ല, പിന്നെയോ "ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നത്" എന്ന് അദ്ദേഹം പറയുന്നു. പല പ്രസംഗകരെയും പോലെ മനംമയക്കുന്നതും പകിട്ടുള്ളതുമായ വാക്കുകൾ പരതി അദ്ദേഹം സമയം നഷ്ടപ്പെടുത്തിയിട്ടില്ല. അപ്പോസ്തലന്റെ താത്പര്യം യേശുക്രിസ്തുവിനെയും അവന്റെ ക്രൂശുമരണത്തെയും മാത്രം ഉയർത്തിക്കാട്ടുക എന്നുള്ളതായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ അലക്ഷ്യമായതോ ജഡികമായതോ ആയ കാര്യങ്ങൾ ഇല്ലായിരുന്നു, എന്നുമാത്രമല്ല വിവേകരഹിതമായ യാതൊന്നും തന്നെ ഇല്ലായിരുന്നു.

പൗലൊസ് അപ്പൊസ്തൊലന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കുക. "മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചു കൊൾവിൻ.... കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിനു ആവശ്യംപോലെ ആത്മിക വർദ്ധനയ്ക്കായി നല്ലവാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത്. (തുടരും)




# എടുക്കുന്നതും കിട്ടുന്നതും

**ഒ**രു അമ്മയും കുട്ടിയും സൂപ്പർമാർക്കറ്റിൽ കയറിയതാണ്. അമ്മ തനിക്കു വേണ്ട സാധനങ്ങൾ നോക്കി അകത്തേക്കുപോയി. കുട്ടി കാഷ് കൗണ്ടറിനടുത്തുള്ള കളിപ്പാട്ടങ്ങൾ നോക്കിനിന്നു. കൗണ്ടറിലിരുന്നയാൾ കുട്ടിയെ ശ്രദ്ധിച്ചു. അയാളുടെ മുന്നിൽ മിഠായികൾ നിറച്ച ഒരു പാത്രമുണ്ടായിരുന്നു. അയാളത് കുട്ടിക്കു നേരേ നീട്ടിയിട്ടുപറഞ്ഞു: "മോനേ, ഇതിൽനിന്ന് നിനക്ക് വേണ്ടത്ര മിഠായി എടുത്തോളൂ."

അവൻ മിഠായിപ്പാത്രത്തിലും കാഷ്യറുടെ മുഖത്തും മാറി മാറി നോക്കി.



അപ്പോൾ കാഷ്യർ വീണ്ടും നിർബന്ധിച്ചു: "ങും, എടുക്കൂ. നിനക്ക് ആവശ്യമുള്ളത്ര മിഠായി എടുത്തോ. കാശൊന്നും വേണ്ട..."

അപ്പോഴും അവൻ മിഠായി എടുക്കാതെ മടിച്ചു നിന്നു. കാഷ്യർക്ക് അദ്ഭുതമായി, മിഠായി വേണ്ടാത്ത കുട്ടിയോ ഇതു കണ്ടുകൊണ്ടാണ് അവന്റെ അമ്മ അങ്ങോട്ടുവന്നത്. അമ്മയും അവനോടു പറഞ്ഞു:"മോനേ, പേടിക്കണ്ട... അങ്കിൾ സ്നേഹത്തോടെ തരുന്നതല്ലേ എടുത്തോളൂ."

എന്നിട്ടും അവൻ മിഠായി എടുക്കാൻ കൂട്ടാക്കിയില്ല. ഒടുവിൽ കാഷ്യർ തന്റെ കൈകൊണ്ട് ഒരുപിടി മിഠായി വാരിയെടുത്ത് കുട്ടിക്ക് നീട്ടി. ഈസമയം കുട്ടി രണ്ടുകൈയുംനീട്ടി ആ മിഠായി വാങ്ങി. അവന്റെ രണ്ടുകൈയിലും കൊള്ളാത്തത്ര മിഠായി ഉണ്ടായിരുന്നു.

കടയിൽനിന്ന് മടങ്ങുമ്പോൾ അമ്മ മകനോടു ചോദിച്ചു:

"നീയെന്താ അയാൾ പറഞ്ഞപ്പോൾ പാത്രത്തിൽനിന്ന് മിഠായി എടുക്കാതിരുന്നത്?'

"അത്...അമ്മേ, എന്റെ കൈകൾ ചെറുതല്ലേ അപ്പോൾ എന്റെ കൈകൊണ്ട് എടുത്താൽ വളരെക്കുറച്ചു മിഠായികളേ കൈയിൽക്കിട്ടു. ഇപ്പോൾ നോക്കൂ, ആ അങ്കിൾ അദ്ദേഹത്തിന്റെ വലിയ കൈ വെച്ച് എടുത്തുതന്നപ്പോൾ എന്റെ കൈയിൽ കൊള്ളാവുന്നതിനെക്കാൾ മിഠായി കിട്ടിയില്ലേ. ആദ്യം ഞാൻ എടുത്തിരുന്നെങ്കിൽ ഇത്രയും കിട്ടില്ലായിരുന്നല്ലോ!" മകന്റെ മറുപടികേട്ട് അമ്മ അറിയാതെ ചിരിച്ചുപോയി.

ഇതുപോലെയാണ് നമ്മുടെ ജീവിതത്തിലും. നമ്മൾ പലതും പലരുടെ കൈയിൽനിന്നും എടുക്കാനും പിടിച്ചുവാങ്ങാനും നോക്കാറുണ്ട് - സ്നേഹം, ബഹുമാനം, പരിഗണന, അങ്ങനെ പലതും. നമ്മൾ അവരിൽനിന്ന് അതെടുക്കുന്നതും അവർ അറിഞ്ഞ് അതെല്ലാം നമുക്ക് തരുന്നതും തമ്മിൽ വളരെ വലിയ വ്യത്യാസമുണ്ട്.

# തോടിന്റെ ആഴം

മൂന്നു കൂട്ടുകാർ ഒരു യാത്ര പോകുകയായിരുന്നു. അവർ ഒരു തോടിന്റെ മുന്നിലെത്തി. "ഇറങ്ങി നീന്തിയാലോ? ഒരാൾ പറഞ്ഞു. "വേണ്ട... അടുത്ത് തോണിക്കാരുണ്ടോ എന്ന് അന്വേഷിക്കാം, രണ്ടാമൻ പറഞ്ഞു.

"വേണ്ട... ഏതെങ്കിലും മരത്തടി എടുത്ത് പാലം പോലെ ഇടാം." മൂന്നാമൻ പറഞ്ഞു.

അങ്ങനെ അവർ തർക്കമായി.

പെട്ടെന്ന് അടുത്തുള്ള ഒരു കുന്നിൽ നിന്ന് ഒരു കല്ല് തോട്ടിൽ വന്നുവീണു. അപ്പോഴല്ലേ മനസ്സിലായത്, ആ കല്ലിന്റെ പകുതി പോലും മുങ്ങാനുള്ള വെള്ളം തോട്ടിലില്ല. ഇറങ്ങി നടക്കാനുള്ള ആഴമേയുള്ളൂ കാര്യമറിയാതെ വഴക്കിട്ടു നേരം പാഴാക്കിയതിൽ അവർക്ക് ദുഃഖം തോന്നി.



## ഓട്ടം നിർത്തിയാൽ...

ചിത്രം വരച്ച് പട്ടണത്തിൽ കൊണ്ടുപോയി വിൽക്കലാണ് സാമിന്റെ ജോലി. ഒരു ദിവസം കൂട്ടുകാരൻ എഡ്ഗറിനോടൊപ്പം ബൈക്കിൽ പോകുമ്പോൾ സാം പറഞ്ഞു: "ഒരാഴ്ചയായി ഒരു ചിത്രം പോലും വിൽക്കാനായില്ല. ഞാൻ ചിത്രംവര അവസാനിപ്പിക്കാൻ പോവുകയാ."

അതുകേട്ട എഡ്ഗർ ബൈക്ക് നിർത്തി. എന്നിട്ട് കാൽ നിലത്തു കുത്താതെ ബൈക്ക് ബാലൻസ് ചെയ്യാൻ ശ്രമം തുടങ്ങി! സാം പറഞ്ഞു: "എന്തു മണ്ടത്തരമാണിത്? ബൈക്ക് മറിയും. എഡ്ഗർ പറഞ്ഞു: "അതെ... ബൈക്ക് ഓടുമ്പോൾ ബാലൻസ് കിട്ടുന്നതുപോലെ നിർത്തിയിട്ടാൽ കിട്ടില്ല. ഇതുപോലെയാണ് നമ്മൾ ചെയ്യുന്ന കാര്യങ്ങളും നിരാശപ്പെട്ട് ഇടയ്ക്കു വച്ച് നിർത്തിയാൽ വീണുപോകും. വീഴാതിരിക്കാൻ ഏറ്റവും നല്ല വഴി മുന്നോട്ട് ഓടിക്കൊണ്ടേയിരിക്കുകയാണ്."





# സമൂസയും പിരമിഡും



**മ**ധ്യേഷ്യയിൽ പിരമിഡുകളെ സാംസ എന്നാണ് വിളിക്കുന്നത്. അങ്ങനെ, പിരമിഡുകളുടെ ആകൃതിയിലുള്ള ഈ ഭക്ഷണത്തിന്, അവർ നൽകിയ സാംസ എന്ന പേരാണ് ഇവിടെ സമോസയായത്.

# അറിവിനായുള്ള ദാഹം

**സ**ന്ന്യാസിയായ ഉപഗുപ്തന് രാംദത്ത് എന്നൊരു ശിഷ്യനുണ്ടായിരുന്നു. ഏറെനാളായി സന്ന്യാസിയോടൊപ്പം ആശ്രമത്തിൽ താമസിച്ചാണ് രാംദത്ത് വിദ്യ അഭ്യസിച്ചിരുന്നത്.



അങ്ങനെയിരിക്കെ ഒരുദിവസം ദേവദത്തൻ എന്ന മറ്റൊരു ശിഷ്യനുംകൂടി ഉപഗുപ്തന്റെ ആശ്രമത്തിലെത്തി.

ഏതാനും ദിവസങ്ങൾകൊണ്ടുതന്നെ രണ്ടാമതെത്തിയ ദേവദത്തൻ ആദ്യം വന്ന രാംദത്തിനെക്കാൾ കുറേയധികം കാര്യങ്ങൾ പഠിച്ചു. ഗുരു, ദേവദത്തനെ കൂടുതൽ കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ടെന്നും തന്നെ അവഗണിക്കുന്നതായും രാംദത്തിന് തോന്നി.

ഒരുദിവസം രാംദത്ത് ഗുരുവിന്റെ അടുത്തെത്തി "ഗുരോ, ദേവദത്തൻ വരുന്നതിനു മുന്നേ ഞാൻ അങ്ങയുടെ ശിഷ്യനാണ്. പക്ഷേ, എന്നേക്കാൾ കൂടുതൽ കാര്യങ്ങൾ അവനെ പഠിപ്പിക്കുന്നുണ്ട്. അതെന്തുകൊണ്ടാണ്?

ഗുരു അല്പനേരം മൗനമായിട്ടിരുന്നിട്ട് പറഞ്ഞു: "ഞാനൊരു കഥ പറയാം."

"ഒരിക്കൽ ഒരു യാത്രക്കാരൻ നടന്നുതളർന്ന് വരുകയായിരുന്നു. വല്ലാത്തദാഹമുണ്ട് അയാൾക്ക്. വെള്ളം എവിടെക്കിട്ടും എന്ന് ചുറ്റും നോക്കിയാണ് നടപ്പ്. അങ്ങനെ നടക്കുമ്പോൾ ഒരു കിണർ കണ്ടു. അതിനടുത്തുചെന്ന് നോക്കി. അടിയിൽ ഇഷ്ടംപോലെ വെള്ളമുണ്ട്. പക്ഷേ, വെള്ളം കോരിയെടുക്കാൻ തൊട്ടിയോ, കയറോ ഇല്ല. നിരാശനായി അയാൾ മുന്നോട്ടുതന്നെ യാത്രതുടർന്നു."

"കുറച്ചുകഴിഞ്ഞപ്പോൾ മറ്റൊരു യാത്രക്കാരനും ദാഹിച്ച് വലഞ്ഞ് കിണറിനടുത്തെത്തി. കിണറ്റിൽ നോക്കിയപ്പോൾ വെള്ളമുണ്ട്. പക്ഷേ, തൊട്ടിയും കയറുമില്ല. അയാൾ അടുത്തെവിടെയെങ്കിലും തൊട്ടിയും കയറും കിട്ടുമോ എന്ന് അന്വേഷിച്ച് നടന്നു. കുറച്ചു നടന്നപ്പോൾ ഒരു പഴയ പാത്രം വഴിയിൽനിന്ന് കിട്ടി. പക്ഷേ, അതിൽ കെട്ടാൻ കയറ് കിട്ടിയില്ല. അയാൾ ചുറ്റും നോക്കി. അവിടെ കുറേ നീളൻ പുല്ലുകൾ വളർന്നുനിൽക്കുന്നത് കണ്ടു. അയാൾ നീളൻ പുല്ലുകൾ മുറിച്ചെടുത്ത് പിരിച്ച് കയറുപോലെയാക്കി. അത് പാത്രത്തിൽ കെട്ടി കിണറ്റിലേക്കിറക്കി വെള്ളം എടുത്തു. എന്നിട്ട് ദാഹം മാറുവോളം വെള്ളം കുടിച്ചിട്ട് യാത്ര തുടർന്നു.

കഥ പറഞ്ഞുനിർത്തിയിട്ട് ഗുരു രാംദത്തിനോട് ചോദിച്ചു: "ഇനി പറയൂ, ഇതിൽ ഏത് യാത്രക്കാരനാണ് കൂടുതൽ ദാഹം ഉണ്ടായിരുന്നത്?"

"രണ്ടാമതുവന്ന യാത്രക്കാരന്" രാംദത്ത് പറഞ്ഞു. ഇതുകേട്ട് ഗുരു ഒന്ന് പുഞ്ചിരിച്ചു. "ശരിയാണ്. അതുകൊണ്ടാണല്ലോ ദാഹം തീർക്കാനായി അയാൾ വളരെ കഷ്ടപ്പെട്ട് വെള്ളം കോരിക്കുടിച്ചത്. ഇതുപോലെയാണ് ദേവദത്തനും. അറിവിനായി ദാഹിക്കുന്ന ഒരാളാണ് ദേവദത്തൻ, ആ ദാഹം തീർക്കാനായി അവൻ നന്നായി കഷ്ടപ്പെടുന്നുമുണ്ട്. പക്ഷേ, നിനക്ക് അറിവുനേടാൻ അത്രയ്ക്ക് ദാഹമില്ല. അതുകൊണ്ടുതന്നെ പഠനത്തിൽ പിന്നോട്ടുമാണ്."

ഗുരു പറഞ്ഞത് രാംദത്തിന് മനസ്സിലായി. അന്നു മുതൽ അവൻ നന്നായി പഠിക്കാൻ തുടങ്ങി.

# ചോക്കളേറ്റ് ശ്വസിക്കാം!




**ചോ**ക്കളേറ്റ് കണ്ടാൽ എടുത്തു വായിലിടാൻ കൈ തരിക്കും. എന്നാൽ കൂടുതൽ ചോക്കലേറ്റ് തിന്നുന്നത് ശരീരത്തിനു നല്ലതല്ല. അപ്പോൾപ്പിന്നെ എന്തുചെയ്യും? ഈ പ്രശ്നം പരിഹരിക്കാനാണ് ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ ഡേവിഡ് എ എഡ്വേഡ്സ് എന്ന പ്രഫസറും സംഘവും ഒരു ഉപകരണം കണ്ടുപിടിച്ചത്. ശ്വാസകോശത്തിലേക്ക് വായുവിനോടൊപ്പം മരുന്നുകൾ കടത്തി വിടാനും മറ്റും ഉപയോഗിക്കുന്ന 'ഇൻഹെയ്‌ലർ' പോലുള്ള ഉപകരണമായിരുന്നു അത്. ഇതു വായിലേക്കു കടത്തി വച്ച് അറ്റത്ത് ഒന്നമർത്തിയാൽ തരിതരിയായി ചോക്കലേറ്റ് നാവിൽ വന്നു വീഴും. ചോക്കലേറ്റ് കൊതി മാറാൻ ഇതു മതിയത്രേ! കൂടുതൽ ചോക്കലേറ്റ് കഴിക്കുന്നതിന്റെ പ്രശ്നവുമില്ല.


# കൃപയുടെ പ്രമാണം



ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

നമുക്ക് സാധിക്കാത്തതിനെ ദൈവം സാധിപ്പിച്ചുതരുന്ന ഒരു ജീവിതമാണ് വിജയകരമായ ക്രിസ്തീയജീവിതം. ഈ സത്യം നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരുന്ന ഒരു പുതിയനിയമഭാഗമാണ് യോഹന്നാൻ 21:1-6. 'അതിന്റെശേഷം യേശു പിന്നെയും തിബെര്യാസ് കടൽക്കരയിൽ വച്ചു ശിഷ്യന്മാർക്കു പ്രത്യക്ഷനായി; പ്രത്യക്ഷനായതു ഈവിധം ആയിരുന്നു. ശിമോൻ പത്രോസും ദിദിമോസ് എന്ന തോമസും ഗലീലയിൽ ലുള്ള കാനായിലെ നഥനയേലും സെബദിമക്കളും അവന്റെ ശിഷ്യന്മാരിൽ വേറെ രണ്ടുപേരും ഒരുമിച്ചുകൂടിയിരുന്നു. ശിമോൻ പത്രോസ് അവരോട് ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്നു പറഞ്ഞു; ഞങ്ങളും പോരുന്നു എന്നു അവർ പറഞ്ഞു. അവർ പുറപ്പെട്ടു പടകു കയറിപ്പോയി. ആ രാത്രിയിൽ ഒന്നും പിടിച്ചില്ല. പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു; യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല. യേശു അവരോടു: കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു; ഇല്ല എന്നു അവർ ഉത്തരം പറഞ്ഞു. പടകിന്റെ വലതുഭാഗത്തു വല വീശുവിൻ എന്നാൽ നിങ്ങൾക്കു കിട്ടും എന്നു അവൻ അവരോടു പറഞ്ഞു. അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അതു വലിക്കാൻ കഴിഞ്ഞില്ല.



വേദപുസ്തകത്തിലെ പുസ്തകങ്ങളുടെ ക്രമം പറഞ്ഞാൽ സഭായുഗം ആരംഭിക്കുന്ന അപ്പൊസ്ത്രപ്രവൃത്തിക്ക് തൊട്ടുമുമ്പുള്ള അദ്ധ്യായമാണ് യോഹന്നാൻ 21. ആ നിലയിൽ പഴയനിയമകാലത്തിന്റെ ഒടുവിലത്തെ അദ്ധ്യായം എന്നു നമുക്ക് ഈ അദ്ധ്യായത്തെ വിളിക്കാം. ഇവിടെ നാം വായിക്കുന്ന സംഭവത്തിലൂടെ, അവസാനിക്കുന്ന ന്യായപ്രമാണത്തിന്റെ കുറവും പുതുതായി ആരംഭിക്കുന്ന പുതിയനിയമത്തിന്റെ അതായത് കൃപയുടെ പ്രമാണത്തിന്റെ മഹത്വവും നാം ദർശിക്കുന്നു. പത്രോസും കൂട്ടരും മീൻ പിടുത്തത്തിൽ അതിവിദഗ്ദ്ധരായിരുന്നെങ്കിലും സ്വന്ത കഴിവിൽ ആശ്രയിച്ച് അവർ ചെയ്യുന്ന അദ്ധ്വാനം വിഫലമാകുന്നത് നാമിവിടെ കാണുന്നു. ആ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും പിടിച്ചില്ല. ന്യായപ്രമാണത്തിനുകീഴിൽ വളരെ വർഷങ്ങൾ അദ്ധ്വാനിച്ചിട്ടും ഒന്നും സാധിക്കാത്ത, യഥാർത്ഥ ജീവിതത്തിലേക്ക് എത്താൻ കഴിയാത്ത തന്റെ പ്രവൃത്തികളാൽ കാര്യം സാധിക്കുവാൻ ശ്രമിക്കുന്ന മനുഷ്യന്റെ ഒരു നല്ല ചിത്രം. എന്നാൽ പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു. കൃപയുടെ പ്രമാണം ഇതാ ഉദയം ചെയ്തിരിക്കുന്നു. 'കൃപ ക്രിസ്തു മുഖാന്തിരം വന്നു എന്ന് യോഹന്നാൻ 1:17-ൽ നാം വായിക്കുന്നുണ്ടല്ലോ. ക്രിസ്തു ഇവിടെ പറയുന്നത്. 'പടകിന്റെ വലത്തുഭാഗത്തു വല വീശുവിൻ, എന്നാൽ നിങ്ങൾക്കു കിട്ടും' എന്നാണ്. അതു വിശ്വസിച്ച് ശിഷ്യന്മാർ വലതുഭാഗത്തു വല വീശിയപ്പോൾ പെരുത്ത മീൻകൂട്ടം അവർക്കു കിട്ടി. അവരുടെ അദ്ധ്വാനത്താലല്ല; ക്രിസ്തുവിന്റെ വാക്കിനാൽ ഇവിടെ കാര്യം സാധിക്കുന്നു. ക്രിസ്തുവിന്റെ വാക്കിൽ വിശ്വസിച്ച് അവർ അനുസരിക്കുന്നു. അവർക്ക് സാധിക്കാതിരുന്ന കാര്യം ക്രിസ്തു സാധിപ്പിച്ചുകൊടുക്കുന്നു. ഇതാണ് ഈ കൃപയുടെ കാലയളവിലും സംഭവിക്കാവുന്നത്. എനിക്കു സ്വയമായി സാധിക്കാത്ത കാര്യം കർത്താവ് സാധിപ്പിച്ചുതരും. അവന്റെ വാക്ക് വിശ്വസിച്ച് മുന്നോട്ടു പോകുന്നവരെ കർത്താവ് സഹായിക്കും. അവർക്ക് പെരുത്ത മീൻകൂട്ടം ലഭിക്കുന്നു. കഷ്ടിച്ച് വിശപ്പു മാറ്റാനുള്ളതല്ല അവർക്ക് ലഭിച്ചത്. സമൃദ്ധിയായി, ധാരാളമായി ലഭിച്ചു. കർത്താവു നൽകുന്ന വിജയവും ഇതുപോലെയാണ്. കഷ്ടിച്ച് ചില പാപങ്ങളുടെയും ആകുല ചിന്തകളുടെയും മേലുള്ള വിജയമല്ല സകലത്തിലും വിജയം, സമൃദ്ധമായ ജീവിതം.

ഇവിടെ ഈ പെരുത്ത മീൻകൂട്ടം ലഭിച്ചതു സംബന്ധിച്ച് പത്രോസിന് അഹങ്കരിക്കാൻ വകയൊന്നുമില്ല. കാരണം അത് താൻ ചെയ്തതല്ല; കർത്താവ് ചെയ്തതാണ്. നമ്മുടെ ജീവിതത്തിൽ വിജയം ലഭിക്കുമ്പോൾ നാം അതിനെക്കുറിച്ച് ഗർവ്വുള്ളവരായിത്തീരുകയും അങ്ങനെ വിജയം ലഭിക്കാത്തവരെ നിന്ദയോടെ വീക്ഷിക്കുകയും ചെയ്യുന്നവരാണോ? കർത്താവു നൽകുന്ന വിജയമാണെങ്കിൽ അതിൽ നമുക്കു പ്രശംസിപ്പാൻ ഒന്നുമില്ല. മുഴുവനും കൃപയാൽ സാധിക്കുന്നത്. വലത്തുഭാഗത്ത് വല വീശുവിൻ. എന്നാൽ നിങ്ങൾക്കു കിട്ടും' എന്ന് കർത്താവു പറഞ്ഞ വാക്കുകൾ ശിഷ്യന്മാർ വിശ്വസിച്ചു. താൻ അരുളിച്ചെയ്തത് താൻ നിവൃത്തിക്കും എന്നു അറിഞ്ഞ് അവർ അവന്റെ വാക്കിൽ ആശ്രയിച്ചു.


നമ്മുടെ സ്വന്തശക്തിയാൽ ക്രിസ്തീയജീവിതം പ്രയാസമാണെന്നല്ല; അസാധ്യമാണ്. ഈ കാര്യം വാസ്തവമായി ബോധ്യപ്പെടുന്ന നാം നമ്മെത്തന്നെ താഴ്ത്തി 'കർത്താവേ, കൃപയ്ക്കധീനനായ എന്റെമേൽ യാതൊരു പാപവും കർതൃത്വം നടത്തുകയില്ല എന്ന് നിന്റെ വചനം പറയുന്നുവല്ലോ, ഞാനത് വിശ്വസിക്കുന്നു. എന്റെ ജഡത്തിൽ ഒരു നന്മയും വസിക്കുന്നില്ല. എന്റെ സ്വന്തശക്തിയാൽ ഈ ജീവിതം അസാദ്ധ്യം. എന്നാൽ എനിക്കു വിജയം നൽകും എന്ന നിന്റെ വചനം ഞാൻ വിശ്വസിക്കുന്നു. ആ വിജയകരമായ ജീവിതമാണ് എന്റെ ലക്ഷ്യം. അതു ഇന്നുവരെ എനിക്കു സാധിച്ചിട്ടില്ലെങ്കിലും സാധിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. കാരണം അവിടുത്തെ വചനം അങ്ങനെ പറയുന്നു. അവിടുത്തെ വചനത്തിൽ പറഞ്ഞ കാര്യം നിവർത്തിക്കും എന്ന പ്രത്യാശയോടെ ഞാൻ ഇരിക്കുന്നു' എന്ന് പ്രാർത്ഥിക്കുകയും അവന്റെ ബലമുള്ള കൈക്കീഴിൽ താണിരിക്കുകയും ചെയ്യുമ്പോൾ അവൻ ആവശ്യമുള്ള കൃപ നൽകും. വിജയം കർത്താവിനാൽ ലഭിച്ചു എന്നു പറയാൻ ഇടയാകും.



# വെളിച്ചം പടിയിറങ്ങിയാൽ



യഹോവയായ ദൈവം ഈ ലോകത്തെ നോക്കി ഉച്ചരിച്ച ആദ്യവചനം: "വെളിച്ചമുണ്ടാകട്ടെ' (Lux Fiat) എന്നാണ്. ആ വെളിച്ചത്തിന്റെ തണലിലാണ് ഞാനും, നിങ്ങളും ആയിരിക്കുന്നതും ചരിക്കുന്നതും. വെളിച്ചം കെട്ടുപോകാതിരിക്കാൻ കാലാകാലങ്ങളിൽ യഹോവ രാജാക്കന്മാർ വഴിയും ന്യായാധിപന്മാർ വഴിയും പ്രവാചകന്മാർ വഴിയും വചനത്തിന്റെ എണ്ണ പകർന്നുകൊണ്ടിരുന്നു. എന്നാൽ കാലചക്രത്തിന്റെ സ്വർഗ്ഗീയ നിമിഷത്തിൽ വെളിച്ചം തന്നെയായവൻ അവതരിച്ചു. യേശുക്രിസ്തു. അവിടുന്ന് വെളിച്ചത്തിന്റെ പൂർണ്ണതയെന്ന് ഓർമ്മിപ്പിക്കാനും, ഒരിക്കലും ആരും മറക്കാതിരിക്കാനും പ്രകാശം നക്ഷത്രത്തിന്റെ രൂപത്തിൽ ആകാശവിതാനത്തിൽ മിഴിതുറന്നു, അവിടുന്ന് കാൽവരികുന്നിന്റെ നെറുകയിൽ മിഴിയടച്ചപ്പോൾ സംഭവിച്ചതോ ലോകമെങ്ങും അന്ധകാരം വ്യാപിച്ചു. ഇതിനർത്ഥം മറ്റൊന്നല്ല, വെളിച്ചം ജീവിതത്തിൽനിന്നും പടിയിറങ്ങിയാൽ അന്ധകാരം വ്യാപിക്കും; ജീവിതത്തിലും ലോകത്തിലും.



വെളിച്ചമായവൻ ലോകത്തോടായ് പറഞ്ഞു: "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ.8:12). നാളിതുവരെ ഒരു ഗുരുവും ഇങ്ങനെ അവകാശപ്പെട്ടിട്ടില്ല എന്നോർക്കണം. നാളുകൾ കഴിഞ്ഞു. പലതും അവിടുന്ന് പഠിപ്പിച്ചു; ഉപമകളിലൂടെയും, അത്ഭുതങ്ങളിലൂടെയും, സാരോപദേശങ്ങളിലൂടെയും. തുടർന്ന് നമ്മോടായ് പറഞ്ഞു: "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു" (മത്തായി 5:14-16). 'ലോകത്തിൽ പ്രകാശം കടന്നുവന്നപ്പോൾ ലോകം പ്രകാശത്തേക്കാൾ അന്ധകാരത്തെയാണ് ഇഷ്ടപ്പെട്ടത്. എന്തെന്നാൽ, 'ഈ യുഗത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ വെളിച്ചത്തിന്റെ മക്കളേക്കാൾ ബുദ്ധിശാലികളാണ്' (ലൂക്കോ. 16:8). ലോകത്തിന് സംഭവിച്ച, സംഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ ദുരന്തം ഇതാണ്. വെളിച്ചം ലഭിച്ചിട്ടും ഇഷ്ടം ഇരുട്ടിനെ. യാത്രയോ, ഇരുട്ടിൽ നിന്നും കൂരിരുട്ടിലേക്ക്.


കാരണമെന്താ? ദീപം കെട്ടുപോകാതിരിക്കാനുള്ള എണ്ണ ജീവിതത്തിൽ ബാക്കിയില്ല. മണവാളനെ വരവേല്ക്കാൻ പുറപ്പെട്ട പത്ത് കന്യകമാരുടെ ഉപമ ബൈബിളിലുണ്ട്. അതിൽ അഞ്ചുപേരെ മാത്രമേ നാം വിവേകമതികൾ എന്നു വിളിക്കുന്നുള്ളൂ. കാരണം, ആത്മനിറവിന്റെ ജീവിതത്തിൽ നിന്ന് ഊറിവരുന്ന ഇത്തിരി എണ്ണ കരുതലോടെ കരുത്തായ് അവരുടെ കൂടെയുണ്ടായിരുന്നു. ഇത്രയും നാൾ ജീവിതം ജീവിച്ചുതീർത്തിട്ട് മണവാളനെ വരവേല്ക്കാൻ, അവനോടൊത്ത് വിരുന്നിന് പ്രവേശിക്കുമ്പോൾ തിരിതെളിക്കാൻ എണ്ണ നിങ്ങളുടെ കൈവശം ബാക്കിയുണ്ടോ?

ടാഗോറിന്റെ ഗീതാഞ്ജലിയിൽ അത്രകണ്ട് ശ്രദ്ധിക്കാതെ വായിച്ചുപോകുന്ന ഒരു കൊച്ചു കഥയുണ്ട്, ഒരു പെൺകുട്ടിയുടേത്. അവൾ ഒരു ദീപവുമായ് പോവുകയാണ്. ഒരാൾ ചോദിച്ചു: "കുട്ടീ ദീപവുമായ് എങ്ങോട്ടാ പോകുന്നേ". അവൾ പറഞ്ഞു: "ദീപങ്ങളുടെ ഉത്സവദിനമാണിന്ന്. അതിനാൽ ഈ ദീപം വെള്ളത്തിൽ ഒഴുക്കിക്കളയാൻ പോവുകയാണ്." അയാൾ പറഞ്ഞു, "എന്റെ ഉള്ളിൽ, എന്റെ വീട്ടിൽ അന്ധകാരമാണ്. ആ വെളിച്ചം പാഴാക്കാതെ എന്റെ ഭവനത്തിൽ കത്തിച്ചു വയ്ക്കൂ."

ഓരോ ക്രിസ്തു ശിഷ്യനും അനുദിനം അനുനിമിഷം യാചിക്കേണ്ട പ്രാർത്ഥനയാണിത്. 'വെളിച്ചം നല്കേണമേ.' പക്ഷേ കൂടെ നടന്ന ശിഷ്യൻ അത് ചോദിക്കുന്നതായി കാണുന്നില്ല. അവൻ ചോദിക്കുന്നത് അധികാരമാണ്. വലതുവശത്തും ഇടതുവശത്തും ഇരിക്കാനുള്ള അധികാരം. അതിനാൽ കൂടെയുള്ളവൻ ചോദിക്കേണ്ടത് വഴിയരികിലിരുന്നവൻ ചോദിച്ചു. "വെളിച്ചം തരേണമേ" അവന് വെളിച്ചം ലഭിച്ചു. അവന്റെ കണ്ണ് തുറന്നു. വഴിയരികിലിരുന്നവൻ എത്രയോ ഭാഗ്യവാൻ. ജീവിതം മുഴുവനും അന്ധതയിലിരുന്നവൻ മിഴിതുറന്നു കിട്ടിയപ്പോൾ ആദ്യം കണ്ടത് കാണേണ്ടവനെ തന്നെയാണ്; വിശ്വപ്രകാശത്തെ.


നമ്മുടെ മിഴികൾ തുറക്കപ്പെടണം. 'എഫാത്താ' അനുഭവം വേണം. അപ്പോൾ മാത്രമേ ജീവിതത്തിൽ കാണേണ്ടതിനെയും കാണേണ്ടവനെയും കാണാൻ കഴിയൂ. കണ്ണിലെ വെളിച്ചം നഷ്ടമാകാൻ പാടില്ല. ശരീരത്തിന്റെ വിളക്കാണല്ലോ കണ്ണ്. ഒരു യുവാവ് ഗുരുവിനോട് ചോദിച്ചു. ഗുരു എനിക്ക് മനോഹരമായ രണ്ടു കണ്ണുകൾ നല്കിയതാരാ? ദൈവം. സ്ത്രീയ്ക്ക് സൗന്ദര്യം നല്കിയതാരാ? ദൈവം. എങ്കിൽ എന്റെ മനോഹരമായ കണ്ണുകൾ കൊണ്ട് സുന്ദരികളായ സ്ത്രീകളെ നോക്കുന്നതിൽ എന്താ തെറ്റ്? ഗുരു പറഞ്ഞു, "കുഞ്ഞേ ദൈവം കൺപോളകൾ കൂടി നല്കിയിട്ടുണ്ടല്ലോ, കാണേണ്ടത് കാണാനും അല്ലാത്തതിന് നേരെ കണ്ണടയ്ക്കാനും'. മറ്റുള്ളവരിൽ നന്മ ദർശിക്കുന്നതും മറ്റുള്ളവരെ ആദരവോടെ, സ്നേഹത്തോടെ നോക്കുന്നതുമായ നയനങ്ങൾ എത്രയോ സൗന്ദര്യപൂർണ്ണമാണ്. വെളിച്ചം കെടാതെ പ്രകാശിക്കട്ടെ. ക്രിസ്തുവിന്റെ വാക്കുകളും ഇത് ശരിവയ്ക്കുന്നു. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷിച്ചതെങ്കിൽ ശരീരം മുഴുവൻ ഇരുണ്ടുപോകും (ലൂക്കോ.11:34).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ

തുടർച്ച



**3:12**, അവസാനംവരെ വിശ്വസ്തത പുലർത്തുന്നവർക്കുള്ള നിത്യസമ്മാനം മൂന്നു പ്രതീകങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നു. 1. എന്റെ ദൈവത്തിന്റെ ആലയത്തിലെ ഒരു തൂണാക്കും. പഴയനിയമത്തിന്റെയും പേഗൻ ആചാരങ്ങളുടെയും പശ്ചാത്തലത്തിൽ ഇത് മനസ്സിലാക്കാനാവും. ജറുസലേം ദേവാലയത്തിൽ ശലോമോൻ രണ്ടു സ്തംഭങ്ങൾ സ്ഥാപിച്ചു. ഓരോന്നിലും ഓരോ പേരും എഴുതിയിരുന്നു (1 രാജാ 7:21). ചക്രവർത്തിയ്ക്കുള്ള ആരാധനയ്ക്കായി നിയമിതനായ പ്രധാന പുരോഹിതൻ ജോലിയിൽ നിന്നു വിരമിക്കുമ്പോൾ അയാൾ ശുശ്രൂഷ നടത്തിയിരുന്ന ദേവാലയത്തിൽ അയാളുടെ ബഹുമാനാർത്ഥം ഒരു സ്തംഭം സ്ഥാപിക്കുകയും സ്തംഭത്തിൽ അയാളുടെയും ചക്രവർത്തിയുടെയും പേര് കൊത്തിവയ്ക്കുകയും പതിവായിരുന്നു. സ്തംഭം സ്ഥിരതയെയാണ് സൂചിപ്പിക്കുന്നത്. ക്രിസ്തുവിന്റെ വിശ്വസ്തദാസൻ എന്നേക്കും ദൈവഭവനത്തിൽ വസിക്കും എന്ന സൂചനയാണ് ഈ വാഗ്ദാനം നല്കുന്നത്. അപ്പസ്തോലന്മാരെ സഭയുടെ നേതൃസ്തംഭങ്ങളായി ചിത്രീകരിക്കുന്നതിന്റെ (ഗലാ 2:9) സ്വാധീനം ഈ വാഗ്ദാനത്തിൽ കാണുന്നവരുണ്ട്. ദൈവഭവനത്തിൽ ഉന്നതമായ സ്ഥാനം നല്കുന്നതിന്റെ സൂചനയാണത്.

**നാമങ്ങൾ എഴുതും.** *a. ദൈവത്തിന്റെ നാമം* – ഉടമസ്ഥാവകാശം സൂചിപ്പിക്കുന്നതാണ് പേരെഴുതൽ. വിശ്വസ്തത പാലിക്കുന്നവരെ ദൈവം തന്റേതായി സ്വീകരിക്കും. അടിമകളുടെമേൽ ഉടമയുടെ പേര് തീ കൊണ്ട് പൊള്ളിച്ച് എഴുതിയിരുന്ന പഴയ ആചാരത്തിന്റെ പശ്ചാത്തലത്തിൽ ഇതു മനസ്സിലാക്കാം. നെറ്റിയിൽ മുദ്രകുത്തുന്നതിനെക്കുറിച്ച് വെളിപ്പാടു പുസ്തകത്തിൽ വീണ്ടും പലതവണ പരമാർശിക്കുന്നുണ്ട് (7.3; 13:16; 14:1). *b. ദൈവനഗരത്തിന്റെ നാമം* – യുഗാന്ത്യത്തിൽ പൂർണ്ണമായി സംസ്ഥാപിക്കപ്പെടുന്ന ദൈവരാജ്യത്തെ പുതിയ ജറുസലെം എന്നാണ് വെളിപ്പാടു പുസ്തകം വിശേഷിപ്പിക്കുന്നത് (21:2). നഗരത്തിന്റെ പേരു വഹിക്കുന്നവർ ദൈവത്തിന്റെ നഗരത്തിലെ പൗരന്മാരായിരിക്കും. *c. പുതിയ നാമം* – ഉത്ഥിതനായ ക്രിസ്തുവിന്റെ നാമം വഹിക്കുന്നവർ പുനരുത്ഥാനത്തിൽ അവനെപ്പോലെ ആയിരിക്കും (1 യോഹ. 3:2–3) ദൈവത്തിന്റെ സ്വന്തം ജനവും ദൈവരാജ്യത്തിന് അവകാശികളും ദൈവപുത്രസ്ഥാനത്തിൽ പങ്കാളികളും ആകും എന്ന വാഗ്ദാനമാണ് പുതിയ നാമം നല്കുന്ന സൂചന.

**വെളിപാട് 3:14–22, ലാവോദിക്യായിലെ സഭയ്ക്ക്**

ഫിലാദെൽഫിയായിൽ നിന്ന് ഏകദേശം 60 കി.മീ. തെക്ക്, ലീക്കസ് നദീതീരത്തു സ്ഥിതി ചെയ്തിരുന്ന ലാവോദിക്യാ നഗരം ബി.സി. 250–ലാണ് സ്ഥാപിതമായത് (വാ. 14). സ്ഥാപകനായ സിറിയൻ ചക്രവർത്തി അന്തിയോക്കസ് രണ്ടാമന്റെ ഭാര്യ ലാവോദിക്യായുടെ പേര് നഗരത്തിനു ലഭിച്ചു. ബി.സി. 190–ൽ ഈ നഗരവും പെർഗാമോസ് രാജ്യത്തിന്റെ അധീനതയിലായി. ബി.സി. 133–ൽ പെർഗാമോസ് രാജ്യം മുഴുവൻ റോമാക്കാർക്ക് ഇഷ്ടദാനമായി ലഭിച്ചപ്പോൾ ലാവോദിക്യായും റോമൻ പ്രവിശ്യയായ ഏഷ്യയുടെ ഭാഗമായിത്തീർന്നു.

വളരെ സമ്പന്നമായൊരു നഗരമായിരുന്നു ലാവോദിക്യാ. ഈ നഗരത്തിലെ ബാങ്കുകൾ പാശ്ചാത്യലോകത്ത് വലിയ പ്രശസ്തിയാർജ്ജിച്ചിരുന്നു. എ.ഡി. 61–ലെ ഭൂമികുലുക്കത്തിൽ പട്ടണം തകർന്നപ്പോൾ അതിന്റെ പുനർനിർമ്മാണത്തിനായി റോമൻ ചക്രവർത്തി വച്ചുനീട്ടിയ സഹായം പുച്ഛിച്ചു തള്ളിക്കൊണ്ട് നഗരവാസികൾ തന്നെ പട്ടണം പണിതത് അവരുടെ സമ്പത്തിന്റെയും ആത്മാഭിമാനത്തിന്റെയും അടയാളമാണ്. ലാവോദിക്യായിലെ വൈദ്യപരിശീലനകേന്ദ്രം ഏഷ്യയിലെ ഇത്തരത്തിലുള്ള ഏറ്റം പ്രസിദ്ധമായ സ്ഥാപനമായിരുന്നു. കണ്ണിന്റെയും കാതിന്റെയും ചികിത്സയ്ക്കായി അവിടെ നിർമ്മിച്ചിരുന്ന ലേപനങ്ങൾ റോമാസാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും കയറ്റി അയച്ചിരുന്നു. അവിടെ ഉണ്ടാക്കിയിരുന്ന കറുത്ത കമ്പിളിക്കുപ്പായങ്ങൾ റോമാസാമ്രാജ്യത്തിലെമ്പാടും പ്രസിദ്ധിയാർജ്ജിച്ചതായിരുന്നു. ഈ വസ്തുതകളെല്ലാം ലാവോദിക്യായിലെ സഭയ്ക്കുള്ള ലേഖനത്തിൽ പ്രതിഫലിക്കുന്നുണ്ട്.

വി. പൗലോസിന്റെ ശിഷ്യനായ എപ്പഫ്രാസ് ആയിരിക്കണം ലാവോദിക്യായിലെ സഭയുടെ സ്ഥാപകൻ. ഈ സഭയ്ക്ക് താൻ എഴുതിയ ഒരു ലേഖനത്തെക്കുറിച്ച് കൊലോസ്യർക്കുള്ള ലേഖനത്തിൽ വി.പൗലോസ് സൂചിപ്പിക്കുന്നുണ്ട് (കൊലോ 4:16). രണ്ടു നഗരങ്ങളും തമ്മിൽ 15 കി.മീ. ദൂരമേ ഉള്ളൂ.

തികച്ചും അസാധാരണമായൊരു നാമത്താലാണ് യേശു ഈ ലേഖനത്തിൽ സ്വയം വെളിപ്പെടുത്തുന്നത്. ആമ്മേൻ എന്ന ഹീബ്രുപദത്തിന്റെ അർത്ഥം അങ്ങനെതന്നെ എന്നാണ്. പഴയനിയമത്തിൽ ഒരിക്കൽ മാത്രം ആമ്മേൻ ദൈവത്തിന്റെ വിശേഷണമായി ഉപയോഗിച്ചിട്ടുണ്ട് (യെശ 65:16). വിശ്വസ്തനായ ദൈവം എന്നു വിവർത്തനം ചെയ്യുന്നതിന്റെ ഹീബ്രു മൂലം ഏലോഹേയ് ആമ്മേൻ എന്നാണ്. ദൈവത്തിന്റെ വാക്കിനു മാറ്റമില്ല; അവനെ വിശ്വസിക്കാം എന്ന അർത്ഥമാണ് ഈ പ്രയോഗത്തിനുള്ളത്.

ആമ്മേൻ എന്ന ഹീബ്രുപദത്തെ ‘വിശ്വസ്തനും സത്യവാനുമായ സാക്ഷി’ എന്ന് ഗ്രന്ഥകാരൻ തന്നെ വിശദീകരിക്കുന്നു. പിതാവിന്റെ രക്ഷാകരപദ്ധതി വിശ്വസ്തതയോടെ പൂർത്തിയാക്കുകയും ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തിനു മരണം കൊണ്ടു സാക്ഷ്യം നല്കുകയും ചെയ്തവനാണ് യേശു; അഥവാ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ആമ്മേൻ ആണ് യേശു. അവിടുന്ന് പറയുന്നതു സത്യമാണ്; അവിടുന്ന് തന്നെയാണ് സത്യം. അവനിൽ വിശ്വസിക്കാം.


ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭം എന്നതിന് ദൈവത്തിന്റെ ആദ്യത്തെ സൃഷ്ടി എന്നല്ല അർത്ഥം. ‘എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതൻ’, ‘അവൻ എല്ലാറ്റിന്റെയും ആരംഭമാണ്’ (കൊലോ. 1:15–18) എന്ന വി. പൗലോസിന്റെ പ്രഖ്യാപനങ്ങളുടെ സ്വാധീനം ഇവിടെ ദൃശ്യമാണ്. പിതാവായ ദൈവം വചനമാകുന്ന പുത്രനിലൂടെ എല്ലാം സൃഷ്ടിച്ചു എന്ന വിശ്വാസം ഇവിടെ ഏറ്റുപറയുന്നു (യോഹ. 1:3). പ്രപഞ്ച സൃഷ്ടിയെക്കുറിച്ചു മാത്രമല്ല, രക്ഷാകർമ്മത്തിലൂടെ നടന്ന പുതിയ സൃഷ്ടിയെക്കുറിച്ചും ഇവിടെ സൂചനയുള്ളതായി പലരും കരുതുന്നു. മനുഷ്യനായി അവതരിച്ച ദൈവവചനമായ യേശുക്രിസ്തുവിലൂടെയാണല്ലോ ഈ പുതിയ സൃഷ്ടി ആരംഭിച്ചത്. ആമ്മേൻ എന്ന പേരിന്റെ മേൽവിവരിച്ച അർത്ഥത്തോടു ചേർന്നുപോകുന്നതാണ് ഈ വ്യാഖ്യാനം. ദൈവത്തിന്റെ പദ്ധതിക്കു പൂർണ്ണമായി വഴങ്ങി ‘ആമ്മേൻ’ പറയുന്നതിലൂടെ യേശുക്രിസ്തു പുതിയ സൃഷ്ടിക്ക് ആരംഭംകുറിച്ചു. രക്ഷാപദ്ധതിയിലുള്ള യേശുവിന്റെ സ്ഥാനം എടുത്തുകാട്ടുന്നതാണ് ഈ പ്രയോഗം.

**3:15**, നിശിതമായ വിമർശനമാണ് ലാവോദിക്യായിലെ സഭയുടെമേൽ യേശു ചൊരിയുന്നത്. അവർക്കു പരിചിതമായ പല പ്രതീകങ്ങളും ഈ ശകാരവർഷത്തിനായി ഉപയോഗിക്കുന്നുണ്ട്. (തുടരും)



# വെളിപ്പാടിന്റെ ചരിത്രം

തുടർച്ച



**കുഞ്ഞാട്** – പാപമോചനത്തിനായി സ്വയം ബലിയർപ്പിച്ച ക്രിസ്തുവിന്റെ പ്രതീകം.

**മൃഗം** – സാമ്രാജ്യശക്തി. കടലിൽ നിന്നു കയറിവന്ന മൃഗം (13:1) ശക്തമായ നാവികസേന വഴി കടലിന്മേൽ ആധിപത്യം സ്ഥാപിച്ചിരുന്ന റോമാ സാമ്രാജ്യത്തെ സൂചിപ്പിക്കുന്നു. ഭൂമിക്കടിയിൽ നിന്നു കയറിവന്ന മൃഗം (13:11) റോമൻ പ്രവിശ്യകളുടെ അധിപന്മാരും സാമന്ത രാജാക്കന്മാരും.

**സർപ്പം** – തിന്മയുടെ ശക്തിയും ദൈവത്തിന്റെയും ദൈവജനത്തിന്റെയും ശത്രുവുമായ സാത്താൻ (12:3; 20:2).

**തവളകൾ** – നുണപ്രചരണം
**കിരീടം** – രാജകീയാധികാരം
**സിംഹാസനം** – രാജകീയാധികാരം
**രത്നങ്ങൾ** – മനോഹാരിത, സമ്പത്ത്
**വാള്** – ദൈവവചനം (1:16) ദൈവം നടപ്പിലാക്കുന്ന ശിക്ഷാവിധി (19:15)
**കാഹളം** – ദൈവത്തിന്റെ ആജ്ഞാസ്വരം (1:11)
**നീണ്ട അങ്കി** – പൗരോഹിത്യം (1:13)
**കുരുത്തോല** – വിജയം

തല – അധികാരത്തെയും അധികാരമുള്ളവനെയും സൂചിപ്പിക്കുന്നു. പലപ്പോഴും രാജാക്കന്മാരെ സൂചിപ്പിക്കാനാണ് ഈ പ്രതീകം ഉപയോഗിക്കുന്നത്.

കൊമ്പ് – ശക്തി, രാജത്വം, രാജാവ്
കണ്ണ് – അറിവ്, ഏഴു കണ്ണുകൾ (5:6) – സർവ്വജ്ഞാനം, സമ്പൂർണ്ണജ്ഞാനം
ചിറക് – വേഗത

സ്വർഗ്ഗം – ദൈവിക മേഖല
ഭൂമി – മാനുഷിക മേഖല
ആകാശം – മനുഷ്യനും ദൈവത്തിനും മധ്യേയുള്ള ശക്തികളുടെ മേഖല
കടൽ – അപകടമേഖല
പാതാളം – ശിക്ഷയുടെ സ്ഥലം, സാത്താന്റെ അധിവാസസ്ഥലം

കൊയ്ത്ത് – രക്ഷാവിധി. വിശ്വസ്തത പാലിച്ച ദൈവജനത്തിനു യുഗാന്തത്തിൽ ലഭിക്കുന്ന നിത്യരക്ഷ.

മുന്തിരി വിളവെടുപ്പ് – ശിക്ഷാവിധി. തിന്മയുടെ ശക്തിക്കു വഴങ്ങിയ അവിശ്വസ്തർക്കു ലഭിക്കുന്ന നിത്യശിക്ഷ.

ഭൂമികുലുക്കം, ഇരുണ്ടുപോകുന്ന സൂര്യൻ, രക്തവർണ്ണമാകുന്ന ചന്ദ്രൻ, മുതലായവ പ്രപഞ്ചത്തിന്മേൽ വിധി നടപ്പാക്കാൻ വരുന്ന ദൈവത്തിന്റെ സാന്നിധ്യം സൂചിപ്പിക്കുന്നു; ഇവയെല്ലാം അക്ഷരാർത്ഥത്തിൽ സംഭവിക്കുകയാണെങ്കിൽ പ്രത്യക്ഷമാകുന്ന ദൈവികസാന്നിധ്യത്തെക്കുറിച്ചുള്ള അവബോധമാണ് വായനക്കാരിൽ ഉണ്ടാകേണ്ടത്. പാപത്തിനധീനമായ പ്രപഞ്ചത്തെ ദൈവം സമൂലമായി നവീകരിക്കും എന്ന സൂചനയാണ് ഇവ നല്കുക.

ഈ പ്രതീകങ്ങളെല്ലാം തന്നെ പഴയനിയമഗ്രന്ഥങ്ങളിൽ നിന്ന് എടുത്തവയാണ്. വ്യാഖ്യാനഭാഗത്ത് ഓരോന്നിന്റെയും പഴയനിയമത്തിലെ ഉറവിടങ്ങൾ എടുത്തു കാട്ടുന്നതായിരിക്കും. അതിമനോഹരവും അതിഭീകരവുമായ ചിത്രങ്ങളാണ് വെളിപ്പാടു ഗ്രന്ഥകാരൻ വരച്ചു കാട്ടുന്നത്. മനോഹരവും ആകർഷകവുമായതെല്ലാം ദൈവത്തെയും ദൈവം നല്കുന്ന രക്ഷയെയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. തിന്മയുടെ ശക്തിയെയും അവനും അനുയായികൾക്കും ലഭിക്കാനിരിക്കുന്ന ശിക്ഷയെയും സൂചിപ്പിക്കാനാവട്ടെ ഭയാനകവും ബീഭത്സവുമായ ചിത്രങ്ങളാണ് അവതരിപ്പിക്കുന്നത്. മതമർദ്ദനത്തിൽ മനം തകരാതെ, ദൈവത്തോടു വിശ്വസ്തത പുലർത്താൻ സ്വർഗ്ഗഭാഗ്യത്തിന്റെ വാഗ്ദാനം പ്രചോദനം നല്കുന്നു. അതേസമയം അവിശ്വസ്തർക്കു ലഭിക്കാനിരിക്കുന്ന നിത്യശിക്ഷയുടെ ഭീകരചിത്രം താല്ക്കാലിക പീഡനങ്ങളെ ഭയന്ന് വിശ്വാസം ത്യജിക്കാൻ ഒരുങ്ങുന്നവർക്ക് കർശനമായ താക്കീതായിരിക്കും. ഓരോ പ്രതീകത്തിന്റെയും വിശദാംശങ്ങളിൽ തങ്ങിനില്ക്കാതെ അവ കൺമുന്നിലൂടെ കടന്നു പോകാൻ അനുവദിക്കുകയും അവയിൽ നിന്നു പൊതുവായി ലഭിക്കുന്ന അറിവിന്റെ വെളിച്ചത്തിൽ ജീവിതത്തെ ക്രമീകരിക്കാൻ ശ്രമിക്കുകയുമാണ് വെളിപാടു പുസ്തകം വായിക്കുമ്പോൾ ചെയ്യേണ്ടത്.

ഗ്രന്ഥകാരൻ വിനിമയം ചെയ്യാൻ ആഗ്രഹിക്കുന്ന സന്ദേശം ഗ്രഹിക്കാൻ ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപം എന്ത് എന്നറിയുന്നതുപോലെതന്നെ പ്രാധാന്യമുള്ളതാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ അവലംബിച്ചിരിക്കുന്ന ക്രമം എന്ത് എന്നറിയുന്നതും. പുസ്തകത്തിന്റെ പൊതുവായ ഘടനയെക്കുറിച്ചു വ്യക്തത ലഭിച്ചെങ്കിലേ അതിൽ അവതരിപ്പിച്ചിരിക്കുന്ന ആശയം മനസ്സിലാക്കാൻ കഴിയൂ. എന്നാൽ വെളിപ്പാടു പുസ്തകത്തിന്റെ ഘടനയെക്കുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ ഇന്നും ഭിന്നാഭിപ്രായങ്ങളാണുള്ളത്. (തുടരും)



# പുരുഷധനം



**സ്ത്രീ**യാണ് ധനമെന്നൊക്കെ നാലാൾ കേൾക്കെ വിളിച്ചു പറയുമ്പോഴും പെണ്ണായാൽ പൊന്നു വേണം പൊന്നിൻ കുടം ആയിടേണം എന്ന പാട്ടും പാടി, സ്ത്രീധനത്തെ ഒരു ആചാരമാക്കി കൊണ്ടുനടക്കുന്നവരാണ് നമ്മൾ മലയാളികളിൽ ഭൂരിഭാഗവും. ആൺവീട്ടുകാർക്ക് വൻ സാധ്യതയും പെൺവീട്ടുകാർക്ക് വൻ ബാധ്യതയും ഉണ്ടാക്കുന്ന ഈ ഏർപ്പാടിന്, അങ്ങ് ചൈനയിൽ എത്തുമ്പോൾ ഒരു ചിന്ന മാറ്റമുണ്ട്. വാദി പ്രതിയാകുന്ന അത്ഭുത മാറ്റം. അവിടെ ഇര പെണ്ണല്ല, ആണാണ്. സ്ത്രീധനത്തിന് പകരം പുരുഷധനമാണ് അവിടെ പ്രശ്നകാരി. എന്നു വെച്ചാൽ പുരുഷധനം കൊടുക്കാൻ പാങ്ങുള്ള പയ്യന്മാർക്കേ ചൈനയിൽ പെണ്ണ് കെട്ടാൻ പറ്റൂ എന്ന് സാരം. ഇവിടെ സ്ത്രീധനം നൽകാനായി പെൺവീട്ടുകാർ വീടും സ്ഥലവും വിൽക്കുമ്പോൾ, അവിടെ പെൺവീട്ടുകാർക്ക് പണം കൊടുക്കാനാണ് ആൺവീട്ടുകാർ സ്വന്തം ആസ്തികൾ വിറ്റുതുലയ്ക്കുന്നത്. ചൈനയിൽ ആണായാൽ പൊന്ന് വേണം. പൊന്നിൻ കുടം ആയിടേണം. പത്തരമാറ്റ് പെണ്ണിന് കൊടുക്കാൻ കീശ നിറയെ കാശും വേണം, കല്യാണം കഴിക്കാൻ മനസ്സു നിറയെ ആശയല്ല, കീശ നിറയെ കാശാണ് വേണ്ടതെന്ന അവസ്ഥ വന്നതോടെ ചൈനയിലെ വരുമാനം കുറഞ്ഞ ചെറുപ്പക്കാരുടെയെല്ലാം കല്യാണ മോഹങ്ങൾ ഏതാണ്ട് ത്രിശങ്കുവിലായി.



അങ്ങനെ 'പുരുഷധനം' പുരുഷന്മാരുടെ കല്യാണമോഹങ്ങൾക്ക് ചെക്ക് പറഞ്ഞപ്പോൾ, ആ പുരുഷധനത്തിന് മറുചെക്ക് പറഞ്ഞ് ഇപ്പോൾ സർക്കാർ തന്നെ രംഗത്ത് വന്നിരിക്കുകയാണ്. പുരുഷധനത്തെ നിയമം മൂലം നിരോധിക്കുന്നു, പണമായും സമ്മാനമായും പുരുഷധനം വാങ്ങുന്നവർ ഇനിമുതൽ ശിക്ഷാനടപടികൾക്ക് വിധേയരാകേണ്ടി വരുമെന്ന് അർത്ഥം.

ജനസംഖ്യയിൽ ലോകത്തെ ഒന്നാമന്മാരാണ് ചൈന. എന്നാൽ ജനസംഖ്യ, അനിയന്ത്രിതമായി കുതിച്ചുപാഞ്ഞപ്പോൾ, അതിനെ നിയന്ത്രിക്കുന്നതിനായി ചൈനീസ് സർക്കാർ 1979-ൽ ഒറ്റക്കുട്ടി നിയമം രാജ്യത്ത് നടപ്പാക്കി. ആ ഒറ്റക്കുട്ടി നിയമത്തിന്റെ സൃഷ്ടിയാണ് ഈ പുരുഷധനം എന്ന് വേണമെങ്കിൽ പറയാം.

ഒരു കുട്ടിക്കേ ജന്മം നൽകാൻ പാടുള്ളൂ എന്ന നിയമം വന്നതോടെ, ആ ഒരു കുട്ടി ആണായിരിക്കണം എന്ന് ചൈനീസ് ജനത ആഗ്രഹിച്ചു. അതോടെ ഗർഭാവസ്ഥയിൽത്തന്നെ പെൺകുട്ടികളെ ഇല്ലാതാക്കാൻ അവർ തുടങ്ങി. പെൺഭ്രൂണഹത്യകൾ തുടർക്കഥയായി.

പെൺകുട്ടികളുടെ എണ്ണം കുറഞ്ഞു. കാലം കടന്നുപോകെ പെൺഭ്രൂണഹത്യകളുടെ കെടുതി സമൂഹം തിരിച്ചറിഞ്ഞു. പെൺകുട്ടികളെ ഒഴിവാക്കി, ജന്മം നൽകിയ ആൺമക്കൾക്ക്, കെട്ടാൻ പെണ്ണിനെ തേടി മാതാപിതാക്കൾ നട്ടംതിരിഞ്ഞു. ഉള്ള പെൺകുട്ടികൾക്ക് വിവാഹ മാർക്കറ്റിൽ വൻ ഡിമാൻഡായി. ആര് കൂടുതൽ കാശ് കൊടുക്കുന്നോ അവർക്ക് വധുവിനെ കിട്ടുമെന്ന സ്ഥിതിയായി. പെൺവീട്ടുകാർക്ക് വൻ ഓഫറുകൾ നൽകിയാണ് പലരും വിവാഹം കഴിച്ചത്.

അങ്ങനെ കൊക്കിലൊതുങ്ങാത്ത പുരുഷധനം കൊടുത്ത് പല ആൺവീട്ടുകാരും പാപ്പരായി. പുരുഷധനം കൊടുക്കാൻ സാമ്പത്തിക ആരോഗ്യമില്ലാത്ത ചെറുപ്പക്കാരുടെ എണ്ണമാകട്ടെ ദിനം പ്രതി കൂടിക്കൊണ്ടേയുമിരുന്നു. മനസ്സുമടുത്ത് പലരും കല്യാണം തന്നെ വേണ്ടെന്ന് വെച്ചു. മുപ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതരായ ആണുങ്ങളുടെ എണ്ണം ചൈനയിൽ ലക്ഷക്കണക്കിനാണെന്നാണ് പല സ്വകാര്യ സർവേകളും പറയുന്നത്. അപ്പോഴാണ് പുരനിറഞ്ഞു നിൽക്കുന്ന ഈ അവിവാഹിതർക്ക് പുതു പ്രതീക്ഷയുമായി പുരുഷധന നിരോധന നിയമവുമായി സർക്കാർ കടന്നുവരുന്നത്.

ഒറ്റക്കുട്ടി നിയമം ഒരു ബൂമറാങ് പോലെ തങ്ങൾക്കുതന്നെ ഒരു തിരിച്ചടിയായി മാറുന്നതിനെക്കുറിച്ച് ചെനീസ് സർക്കാർ വർഷങ്ങൾക്ക് മുൻപേ തിരിച്ചറിഞ്ഞിരുന്നു. യുവാക്കളുടെ എണ്ണം കുറഞ്ഞ്, ചൈന വൃദ്ധന്മാർ മാത്രമുള്ള ഒരു രാജ്യമായി മാറുമോ എന്ന ഭയം മൂലം 2016-ൽത്തന്നെ ഒറ്റക്കുട്ടിനയം പിൻവലിച്ച് ഇരട്ടക്കുട്ടി നയം നടപ്പാക്കി. അതും ഫലിക്കാതെ വന്നതോടെ 2021-ൽ, മൂന്ന് കുട്ടികൾ ആവാമെന്ന പുതിയ നിയമവും കൊണ്ടുവന്നു. ഒപ്പം നികുതിയിളവ്, ധനസഹായം, നീണ്ട പ്രസവാവധി തുടങ്ങിയ ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു.

എന്നിട്ടും 2021-ൽ ചൈനയിലെ ജനനനിരക്ക് ആറു പതിറ്റാണ്ടിനിടയിലെ ഏറ്റവും വലിയ താഴ്ചയിലാണെത്തിയത്. അപ്പോഴാണ് ഈ ജനസംഖ്യാ ശോഷണത്തേക്കുറിച്ച് ഗവൺമെന്റ് കൂടുതൽ ആഴത്തിൽ പഠിക്കുന്നത്. അങ്ങനെ ജനസംഖ്യാ ശോഷണത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്, യുവാക്കളുടെ ഇടയിലെ വിവാഹത്തോടുള്ള എതിർപ്പാണെന്നും, അതിന്റെ പ്രധാന കാരണം പുരുഷധനമാണെന്നും സർക്കാർ തിരിച്ചറിഞ്ഞു. പുരുഷധനത്തെ ഒഴിവാക്കി, വിവാഹ നിരക്കും, അതുവഴി ജനനനിരക്കും വർധിപ്പിക്കാനാണ് ഇപ്പോൾ സർക്കാർ ശ്രമിക്കുന്നത്.


നിലവിൽ ചെറുപ്പക്കാരുടെ എണ്ണത്തിൽ വലിയ കുറവാണ് ചൈനയിലുള്ളത്. വൃദ്ധരുടെ എണ്ണമാകട്ടെ ഇരട്ടിയും. പുരുഷധനം എന്ന കീഴ്വഴക്കം ഒഴിവാക്കി, വിവാഹങ്ങളുടെ എണ്ണം കൂട്ടിയില്ലെങ്കിൽ രാജ്യത്തിന്റെ സാമ്പത്തിക നിലതന്നെ കീഴ്മേൽ മറിയുമെന്ന് സർക്കാർ ഭയപ്പെടുന്നു.

പ്രായമുള്ളവരുടെ എണ്ണം കൂടുകയും ജോലി ചെയ്യാൻ ആരോഗ്യമുള്ള ചെറുപ്പക്കാരുടെ എണ്ണം കുറയുകയും ചെയ്യുന്നത് ഏത് രാജ്യത്തിന്റെയും സമ്പദ് വ്യവസ്ഥയ്ക്ക് ഭീഷണിയാണ്.

അതുകൊണ്ട് പുരുഷധനത്തേക്കുറിച്ച് ആരും ഒരക്ഷരം മിണ്ടിപ്പോകരുതെന്ന ഉഗ്രശാസനയാണ് ചൈനീസ് ഗവൺമെന്റ് ജനങ്ങൾക്കു നൽകിയിരിക്കുന്നത്.



# സൃഷ്ടിയോ പരിണാമമോ? ആര് മറുപടി പറയും?



ജീവോല്പത്തിയെക്കുറിച്ചുള്ള പരിണാമ സിദ്ധാന്തത്തിലെ ആശയം ശരിയാണെന്ന് കരുതുന്നവർക്കു മുമ്പിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ഉയർന്നുവരുന്നു. ജീവജാലങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന് യുക്തിവാദികൾ ചിന്തിക്കാത്തതിനാലും, പരിണാമസിദ്ധാന്തം ശരിയാണെന്ന് അവർ കരുതുന്നതിനാലും ഈ ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ അവർ ബാധ്യസ്ഥരാണ്.

1) പരിണാമം എന്ന പ്രക്രിയ നിങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കിയിട്ടുള്ള ഒന്നാണോ? പരിണാമ സിദ്ധന്തം ശരിയാണെന്ന് പരീക്ഷണ നിരീക്ഷണങ്ങളിലൂടെ തെളിയിച്ചതാണെന്ന് യുക്തിവാദികൾ കരുതുന്നുണ്ടോ? ഇല്ലയോ?

2) ജീവനിൽ നിന്നല്ലാതെ ജീവൻ ഉണ്ടാകുന്നതായി ഇതുവരെ വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടിട്ടില്ല. ജീവനില്ലാതിരുന്ന ഭൂമിയിൽ കോടാനുകോടി വർഷം മുമ്പ് ഏതോ പ്രത്യേക സാഹചര്യത്തിൽ യാദൃശ്ചികമായുണ്ടായ രാസപ്രക്രിയകൾ മൂലം ജീവൻ ഉണ്ടാകയും പിൽക്കാലത്ത് അത് അനേകമനേകം ജന്തുസസ്യവർഗ്ഗങ്ങളായി പരിണമിക്കുകയുമാണ് ചെയ്തത് എന്ന പരിണാമസിദ്ധാന്തത്തിലെ ആശയം വസ്തുനിഷ്ഠമാണെന്നാണോ അല്ലെന്നാണോ യുക്തിവാദികൾ കരുതുന്നത്?



3) ഒരു നെന്മണി മുളച്ചു വളർന്ന് അതിൽനിന്ന് അനേകം നെന്മണികൾ ഉള്ള നിരവധി കതിരുകൾ ഉണ്ടാകുന്നതിൽ നിന്ന് തെളിയുന്നത് വിതെക്കപ്പെട്ട നെന്മണിയുടെ ഉള്ളിൽ അനേകമനേകം നെന്മണികളോടു കൂടിയ കതിരുകൾ പ്രത്യക്ഷപ്പെടുത്താനുള്ള കഴിവ് നേരത്തെതന്നെ ഉണ്ടായിരുന്നു എന്നാണ്. ഭൂമിയിൽ കോടാനുകോടി വർഷങ്ങൾക്കു മുമ്പ് തനിയെ ഉണ്ടായതെന്നു പറയുന്ന ആദ്യത്തെ ജീവനുള്ള കോശത്തിൽ നിന്ന് കാലക്രമത്തിൽ ലക്ഷക്കണക്കിന് സസ്യവർഗ്ഗങ്ങളും ജന്തുവർഗ്ഗങ്ങളും പക്ഷിവർഗ്ഗങ്ങളും ഉണ്ടായതാണെങ്കിൽ അവയെ മുഴുവൻ കാലക്രമത്തിൽ പ്രത്യക്ഷമാക്കുന്നതിനുള്ള അതിസങ്കീർണ്ണമായ കഴിവും ഘടനയും ആദ്യമായി രൂപംകൊണ്ട ജീവകോശത്തിൽ ഉണ്ടായിരുന്നു എന്നാണർത്ഥം. ഇന്നത്തെ ലോകത്തിൽ താരതമ്യേന ലളിതമായ കോശഘടനയുള്ള ഒരു ഏകകോശ ജീവിയുടെ ജീവകോശംപോലും തനിയെ ഉണ്ടാകാതിരിക്കുമ്പോൾ, ലക്ഷക്കണക്കിന് സസ്യജന്തുവർഗ്ഗങ്ങളായി പരിണമിക്കാൻ പ്രാപ്തിയുണ്ടായിരുന്ന അതിസങ്കീർണ്ണമായ കോശഘടനയുണ്ടായിരുന്ന ആദ്യത്തെ ജീവകോശം തനിയെ ഉണ്ടായി എന്ന് എങ്ങനെയാണ് യുക്തിപൂർവ്വം തെളിയിക്കുന്നത്?

4) വീടുകളിൽ നാം സാധാരണ ഉപയോഗിക്കുന്ന ഒരു മേശപോലും നിർമ്മിക്കപ്പെടുന്നത്, ഒരു വ്യക്തി (ആൾ) അതിന്റെ ഘടകവസ്തുക്കളെ തന്റെ ഭാവനയിൽ കൂട്ടി ചേർത്തുകൊണ്ട് ചിന്തിക്കുന്നതിനെത്തുടർന്നാണ്. നിരവധി ഘടക വസ്തുക്കളാൽ നിർമ്മിതമായിരിക്കുന്ന യാതൊരു വസ്തുവും അതിന്റെ നിർമ്മാതാവിന്റെ ഭാവനയും ചിന്തയും കൂടാതെ സ്വയം നിർമ്മിതമായി തീരുന്നില്ല; മാവിൽ നിന്ന് മാങ്ങാ പറിച്ചെടുക്കാനുപയോഗിക്കുന്ന തോട്ടി നിർമ്മിക്കാൻ രണ്ടോ, മൂന്നോ ഘടകവസ്തുക്കൾ മാത്രമേ ആവശ്യമുള്ളു; അവ തമ്മിൽ യോജിപ്പിച്ച് മാങ്ങാ പറിക്കാനുള്ള ഉപകരണമാക്കി തീർക്കണമെങ്കിൽ ഒരു വ്യക്തിയുടെ ചിന്തയും ഭാവനയും ആവശ്യമാണ്. ലക്ഷക്കണക്കിന് മൃഗസസ്യവർഗ്ഗങ്ങളായി കാലക്രമത്തിൽ പരിണമിക്കുന്നതിനുള്ള അത്ഭുത കഴിവ് ഉൾക്കൊണ്ടിരുന്നതും ലക്ഷക്കണക്കിന് ഘടകവസ്തുക്കൾ പ്രത്യേക നിലയിൽ സംയോജിപ്പിക്കപ്പെട്ടതിന്റെ ഫലമായി രൂപംകൊണ്ടതുമായ, ഭൂമിയിൽ ഉണ്ടായ ആദ്യത്തെ ജീവകോശം എന്ന അത്ഭുതയന്ത്രം ആരുടെയും ചിന്തയും ഭാവനയും കൂടാതെ വെള്ളത്തിന്റെയും, വായുവിന്റെയും, സൂര്യപ്രകാശത്തിന്റെയും, മണ്ണിന്റെയും പ്രതിപ്രവർത്തനം മൂലം യാദൃശ്ചികമായി ഉണ്ടായി എന്ന് ചിന്തിക്കുന്നത് യുക്ത്യാനുസാര ചിന്തയാണോ?

5) പ്രകൃതിയിലെ ഏതൊരു പ്രതിഭാസവും ഏതു സാഹചര്യത്തിൽ സംഭവിച്ചുവോ, ആ സാഹചര്യം വീണ്ടും ഉണ്ടായാൽ അത് വീണ്ടും സംഭവിക്കുന്നു. ഇരുമ്പുപൊടിയുടെ അടുത്ത് കാന്തം കൊണ്ടുവന്നു വയ്ക്കുമ്പോൾ ഇരുമ്പുപൊടി കാന്തത്തിന്മേൽ പറ്റിപ്പിടിക്കുന്നു. എത്ര തവണ വേണമെങ്കിലും നമുക്ക് ഈ പ്രതിഭാസം ആവർത്തിക്കാൻ കഴിയുന്നു. വെള്ളവും, വായുവും, സൂര്യപ്രകാശവും, മണ്ണും പണ്ട് ലക്ഷക്കണക്കിന് വർഷം മുമ്പ് ഏതോ വിധത്തിൽ സംയോജിച്ചപ്പോൾ ആദ്യത്തെ ജീവകോശം ഉണ്ടായി എങ്കിൽ, പില്ക്കാലത്തും അനേകമനേകം തവണ വെള്ളവും, വായുവും, സൂര്യപ്രകാശവും, മണ്ണും തമ്മിൽ പ്രതിപ്രവർത്തിച്ച് ജീവകോശം ഉണ്ടാകുന്ന പ്രക്രിയ ഭൂമിയിൽ എല്ലായിടത്തും നാം കാണേണ്ടതല്ലേ? പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളും ആവർത്തിക്കുന്നവയായിരിക്കുമ്പോൾ ജീവകോശ രൂപീകരണം എന്ന പ്രതിഭാസം മാത്രം ഒരിക്കലും ഒരിടത്തുപോലും ആവർത്തിക്കാത്തത് എന്തുകൊണ്ട്?

6) ലക്ഷക്കണക്കിന് വർഷം മുമ്പ് ഒരിക്കൽ ഒരു പ്രത്യേക സന്ദർഭത്തിൽ ഒരു സ്ഥലത്ത് വെള്ളത്തിൽ ഒരു കരിങ്കൽക്കഷണം വീണപ്പോൾ അത് പൊങ്ങിക്കിടന്നു എന്നും ഈ പ്രതിഭാസം പിന്നെ ഒരിക്കലും ലോകത്തിൽ ഒരിടത്തും ആവർത്തിച്ചിട്ടില്ല എന്നും നാം കേട്ടാൽ യുക്തിക്കു നിരക്കുന്ന ഒരു പ്രസ്താവനയല്ല അതെന്നാണ് നാം പറയുക. അങ്ങനെയെങ്കിൽ ലക്ഷക്കണക്കിന് വർഷം മുമ്പ് ഭൂമിയിൽ വെള്ളവും, വായുവും, സൂര്യപ്രകാശവും, മണ്ണും കൂടി പ്രതിപ്രവർത്തിച്ചപ്പോൾ ഒരിക്കൽ ഒരിടത്ത് ജീവകോശം ഉണ്ടായി എന്നും പിന്നീട് ഒരിക്കലും ഒരിടത്തും ഇത്തരത്തിലുള്ള ജീവകോശ ത്തിന്റെ രൂപീകരണം ആവർത്തിച്ചിട്ടില്ല എന്നും പറയുന്നത് എങ്ങനെ യുക്ത്യനുസാരമാകും? (തുടരും)

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

## എന്താണ് ദൈവരാജ്യം? യേശുവിന്റെ ദൈവരാജ്യ പ്രഘോഷണത്തിൽ വ്യക്തമാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

പാസ്റ്റർ എബി ഫിലിപ്പ്, ചിറ്റാർ, ആനപ്പാറ, വിതുര

ഒരു നല്ല നാളെയെക്കുറിച്ചുള്ള പ്രതീക്ഷ എല്ലാവർക്കുമുണ്ട്. വിശുദ്ധഗ്രന്ഥം ഇതിനു സാക്ഷ്യം നല്കുന്നുണ്ട്. സ്വാതന്ത്ര്യം, സമത്വം, സ്നേഹം, നീതി, സമാധാനം എന്നീ മൂല്യങ്ങൾ യാഥാർത്ഥ്യമാകുന്നതു കാണാൻ കാത്തിരിക്കുന്ന ജനസമൂഹത്തെക്കുറിച്ചാണ് പഴയനിയമം പറയുന്നത്. അതേസമയം തന്നെ, ഇവയെല്ലാം കേവലം ജനത്തിന്റെ ആഗ്രഹങ്ങളായിട്ടല്ല, പ്രത്യുത, ദൈവം മനുഷ്യനു വച്ചുനീട്ടുന്ന വാഗ്ദാനങ്ങളുടെ ഭാഗമായിട്ടാണ് വിശുദ്ധഗ്രന്ഥം അവതരിപ്പിക്കുന്നത്.

മർദ്ദിതർക്ക് നീതിനടത്തിക്കൊടുക്കുകയും ബന്ധിതരെ മോചിപ്പിക്കുകയും അനാഥരെ സംരക്ഷിക്കുകയും ചെയ്യുന്ന ദൈവത്തെക്കുറിച്ചാണ് വിശുദ്ധഗ്രന്ഥം പറയുന്നത്. ദൈവത്തിന്റെ രാജത്വവും ആധിപത്യവും സങ്കീർത്തനങ്ങളിൽ വർണ്ണിക്കുന്നതു ശ്രദ്ധേയമാണ്. അവിടുത്തെ രാജത്വം ശാശ്വതമാണ്; അവിടുത്തെ ആധിപത്യം തലമുറകളോളം നിലനില്ക്കുന്നു; കർത്താവ് വാഗ്ദത്തങ്ങളിൽ വിശ്വസ്തനും പ്രവർത്തികളിൽ കാരുണ്യവാനുമാണ്. കർത്താവ് വീഴുന്നവരെ താങ്ങുന്നു, നിലംപറ്റിയവരെ എഴുന്നേല്പ്പിക്കുന്നു. (സങ്കീ 145:13–14)

മർദ്ദിതർക്ക് അവിടുന്ന് നീതി നടത്തിക്കൊടുക്കുന്നു, വിശക്കുന്നവർക്ക് അവിടുന്ന് ആഹാരം നല്കുന്നു. കർത്താവ് ബന്ധിതരെ മോചിപ്പിക്കുന്നു. കർത്താവ് അന്ധരുടെ കണ്ണുകൾ തുറക്കുന്നു; അവിടുന്ന് നിലംപറ്റിയവരെ എഴുന്നേല്പിക്കുന്നു; അവിടുന്ന് നീതിമാന്മാരെ സ്നേഹിക്കുന്നു. കർത്താവ് പരദേശികളെ പരിപാലിക്കുന്നു; വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നു; (സങ്കീ 146:7–9). അവിടുന്ന് ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു. കർത്താവ് എളിയവരെ ഉയർത്തുന്നു; (സങ്കീ 147:3–5).

ആദർശലോകവും യഥാർത്ഥലോകവും തമ്മിലുള്ള അന്തരം വിശുദ്ധഗ്രന്ഥത്തിന്റെ പ്രത്യേക വിഷയമായിരുന്നു. ഈ ലോകം ആയിരിക്കേണ്ടതുപോലെയല്ല എന്നതു ബൈബിൾ പറയുന്നു. ദൈവം തന്നെ ഈ അന്തരം ഇല്ലാതാക്കാൻ ചരിത്രത്തിൽ ഇടപെടുന്നു എന്നതാണ് രക്ഷാകര സംഭവങ്ങൾ തെളിയിക്കുന്നത്. അനീതിയും അടിമത്തവും വാഴുന്നിടത്തു ദൈവം ഇടപെട്ടു നീതി നടപ്പാക്കുന്നു എന്നതാണ് ഇസ്രയേൽ ജനത്തിന്റെ ഈജിപ്തിൽ നിന്നുള്ള വിമോചനവും ഉടമ്പടിയും അർത്ഥമാക്കുന്നത്. ദൈവത്തിന്റെ സമ്പൂർണ്ണമായ ഇടപെടലിൽ മാത്രമേ ഭാവിയിൽ സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ തിന്മകൾക്കും അന്ത്യമുള്ളൂ എന്നതത്രേ പഴയനിയമത്തിലെ ഉറച്ചവിശ്വാസം. ദൈവത്തിന്റെ സാർവ്വത്രികമായ ഭരണത്തിന്റെ സാക്ഷാത്കാരമായിരുന്നു ഇസ്രായേലിന്റെ പ്രതീക്ഷയുടെ ഉള്ളടക്കം. ദൈവം ഭരിക്കുന്നിടത്ത് എല്ലാവർക്കും സമാധാനവും ഐശ്യര്യവും കൈവരുന്നു എന്നതാണ് ബൈബിൾ ദർശനം. യെശയ്യാ, യിരെമ്യാ പ്രവാചകരിലൂടെ ഇത് ഏറ്റം വ്യക്തമായി കാണാം. ഇസ്രായേൽ സമൂഹത്തിന്റെ അതിർത്തിവരമ്പുകൾക്കപ്പുറം പോകുന്ന, എല്ലാ ജനസമൂഹങ്ങളെയും ഉൾക്കൊള്ളുന്ന ഒരു "പുതിയ ആകാശവും പുതിയ ഭൂമിയും" (യെശ. 65:17) സൃഷ്ടിക്കുന്ന ദൈവത്തെക്കുറിച്ചാണ് പ്രവാചകസന്ദേശം. ദരിദ്രരും പീഡിതരും ദുഃഖിതരും ഇല്ലാത്ത നല്ലനാളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് പ്രവചനങ്ങളെല്ലാം അവസാനിക്കുന്നത്.



വിശുദ്ധ മർക്കോസ് സുവിശേഷകൻ യേശുവിന്റെ സുവിശേഷ പ്രഘോഷണത്തെ ഒറ്റവാക്യത്തിൽ സമാഹരിക്കുന്നതിങ്ങനെയാണ്: "സമയം സമാഗതമായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:15). സമവീക്ഷണ സുവിശേഷങ്ങളിലാണ് 'ദൈവരാജ്യം' എന്ന പദപ്രയോഗം ഏറ്റവും കൂടുതൽ കാണുന്നത്. മർക്കോസിന്റെ സുവിശേഷത്തിൽ പതിനാലു പ്രാവശ്യവും ലൂക്കാസിന്റെ സുവിശേഷത്തിൽ മുപ്പതു പ്രാവശ്യവും 'ദൈവരാജ്യം' എന്ന പദപ്രയോഗം കാണാം. മത്തായിയുടെ സുവിശേഷത്തിൽ അധികവും 'സ്വർഗ്ഗരാജ്യം' എന്ന പദമാണ് പ്രയോഗിച്ചിരിക്കുന്നത്. മൂന്നുപ്രാവശ്യം മാത്രമേ അവിടെ ദൈവരാജ്യം എന്ന പദപ്രയോഗം കാണുന്നുള്ളു. യഹൂദപാരമ്പര്യത്തിൽ ദൈവരാജ്യത്തോടുള്ള ബഹുമാനമാണ് ദൈവരാജ്യത്തിനു പകരം 'സ്വർഗ്ഗരാജ്യം' എന്നു പ്രയോഗിക്കാൻ വിശുദ്ധ മത്തായിയെ പ്രേരിപ്പിച്ചത്.

യോഹന്നാന്റെ സുവിശേത്തിലും പൗലോസിന്റെ ലേഖനങ്ങളിലും അധികവും ദൈവരാജ്യത്തിന്റെ ആശയം മറ്റു വാക്കുകളിൽ നൽകുവാനാണ് ശ്രമിച്ചിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ, ആകെ രണ്ടുപ്രാവശ്യം മാത്രമേ 'ദൈവരാജ്യം' എന്ന പ്രയോഗം കാണുകയുള്ളൂ. പൗലോസിന്റെ ലേഖനങ്ങളിൽ ആകെക്കൂടി പത്തുപ്രാവശ്യവും. 'പുതിയ സൃഷ്ടി', 'വരുവാനിരിക്കുന്ന യുഗം', 'നിത്യജീവൻ' പുതിയ ആകാശം പുതിയ ഭൂമി തുടങ്ങിയ പ്രയോഗങ്ങളാണ് സമാന്തരസുവിശേങ്ങൾക്കു പുറമേയുള്ള പുതിയനിയമഗ്രന്ഥങ്ങളിൽ നാം കാണുന്നത്. 'നിത്യജീവൻ' യോഹന്നാന്റെ ഏറ്റം ഇഷ്ടപ്പെട്ട പ്രയോഗമാണ്. പതിനേഴുപ്രാവശ്യം സുവിശേഷത്തിലും ആറുപ്രാവശ്യം ലേഖനത്തിലും ഈ പ്രയോഗം കാണാം.

"ദൈവരാജ്യം സമാഗതമായി" എന്നു പ്രഖ്യാപിച്ചപ്പോൾ യേശുവിന്റെ ശ്രോതാക്കളായ പലസ്തീൻ നിവാസികൾക്ക് അതിന്റെ അർത്ഥം വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. സകല മനുഷ്യർക്കും സന്തോഷവും സമാധാനവും വാഗ്ദാനം ചെയ്യുന്ന തന്റെ പദ്ധതി ദൈവം നടപ്പിൽ വരുത്തുന്നു എന്നാണത് അർത്ഥമാക്കിയത്. ഇന്നു നാം ഉപയോഗിക്കുന്ന 'ദൈവരാജ്യം' എന്ന മലയാളപദവും 'Kingdom' എന്ന ഇംഗ്ലീഷ് പദവും തെറ്റിദ്ധാരണയ്ക്ക് എളുപ്പം ഇടനല്കുന്നതാണ്. 'രാജ്യം' (Kingdom) എന്ന പദം രാജാവ് ഭരണം നടത്തുന്ന പ്രദേശമാണ് അർത്ഥമാക്കുന്നത്. ഈ അർത്ഥത്തിലല്ല 'ദൈവരാജ്യം' എന്ന പദം ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്കു ഭാഷയിലെ 'Basileia' എന്ന പദവും ഹീബ്രു ഭാഷയിലെ :'Malkuth' എന്ന പദവും ദൈവത്തിന്റെ ഭരണത്തെ അഥവാ രാജത്വത്തെയാണ് അർത്ഥമാക്കുന്നത്. അതുകൊണ്ട് ബൈബിളിൽ 'ദൈവരാജ്യം' എന്നു കാണുമ്പോൾ ദൈവത്തിന്റെ ഭരണവും അതുവഴി സംജാതമാകുന്ന അവസ്ഥാവിശേഷവുമാണ് നാം മനസ്സിലാക്കേണ്ടത്.

യേശു ദൈവരാജ്യം പ്രഘോഷിച്ചപ്പോൾ വിമോചനത്തിന്റെയും വിജയത്തിന്റെയും ആവേശമാണ് അത് ജനങ്ങൾക്കു പകർന്നു കൊടുത്തത്. അടിമത്തത്തിന്റെയും അനീതിയുടെയും കാലഘട്ടത്തിനു തിരശ്ശീല വീഴുന്നതായും നീതിയുടെയും സമാധാനത്തിന്റെയും പുതിയൊരു യുഗം ഉദയം ചെയ്യുന്നതായും അതിന്റെ പ്രഖ്യാപനം അവരെ വിളിച്ചറിയിച്ചു. സാമൂഹികവും രാഷ്ട്രീയവുമായ തലങ്ങളിൽ സമൂലപരിവർത്തനം സൃഷ്ടിക്കുവാൻ പര്യാപ്തമായ ഒരു വിപ്ലവത്തിന്റെ കാഹളമായിരുന്നു, 'ദൈവരാജ്യം സമാഗതമായിരിക്കുന്നു' എന്ന് യേശു പ്രസംഗിച്ചപ്പോൾ ജനങ്ങൾ മനസ്സിലാക്കിയത്. ദൈവരാജ്യത്തിന്റെ അർത്ഥം ആധുനിക മനുഷ്യന്റെ ഭാഷയിലേക്കു തർജ്ജിമ ചെയ്താൽ അതിനെ "ദൈവത്തിന്റെ വിമോചനപ്രസ്ഥാനം" എന്നു വിളിക്കേണ്ടിയിരിക്കുന്നു. ഈ പ്രഘോഷണം ആയിരങ്ങളെ ആകർഷിക്കുന്നതായിരുന്നു. സുവിശേഷങ്ങൾ അതു വ്യക്തമാക്കുന്നുണ്ട് (മർക്കോ. 1:12; മത്താ. 7:28–29; ലൂക്കാ. 4:32; യോഹ 7:15). യേശുവിന്റെ സന്ദേശത്തിന്റെ ആകർഷിണീയതയ്ക്കു കാരണം യേശു ദൈവരാജ്യം പ്രസംഗിച്ചതായിരുന്നു. സമകാലികരായിരുന്ന റബ്ബിമാരും നിയമജ്ഞരും ദൈവരാജ്യം എന്ന പ്രയോഗം പ്രഭാഷണങ്ങളിൽ നിന്ന് ഒഴിവാക്കുകയാണു ചെയ്തത്. യേശുവിന്റെ ദൈവരാജ്യപ്രഘോഷണം അർത്ഥമാക്കിയതെന്താണെന്നു നോക്കാം.

യേശുവിന്റെ ദൈവരാജ്യപ്രഘോഷണത്തിൽ മുഴങ്ങിക്കേട്ടത് പരിവർത്തനത്തിലേക്കുള്ള വിളിയാണ്. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു, പശ്ചാത്തപിക്കുവിൻ" (മർക്കോ. 1:15). ദൈവത്തിന്റെ സ്നേഹജന്യമായ പ്രവർത്തനത്തിന് മനുഷ്യൻ വാതിൽ തുറന്നിടണം. ദൈവത്തിന്റെ വിളിയും മനുഷ്യന്റെ പ്രത്യുത്തരവുമുണ്ടിവിടെ. ഹൃദയപരിവർത്തനവും ജീവിതനവീകരണവും കൂടാതെ ദൈവരാജ്യത്തിനുവേണ്ടി നിലകൊള്ളാൻ മനുഷ്യർക്കു സാധിക്കുകയില്ല. അഹങ്കാരത്തിൽ നിന്നും സ്വാർത്ഥതാത്പര്യത്തിൽ നിന്നും വിമോചിതരായി ദൈവിക പദ്ധതിയ്ക്കുള്ള സമർപ്പണം ആവശ്യമാണെന്ന് യേശു പഠിപ്പിച്ചു. സുവിശേങ്ങൾ ഇതിനു ധാരാളം ഉദാഹരണങ്ങൾ നല്കുന്നുണ്ട്. ഹൃദയപരിവർത്തനത്തിനു വിധേയമായി പിതാവിന്റെ ഭവനത്തിലേക്കു മടങ്ങിവരുന്ന ധൂർത്തപുത്രനും (ലൂക്കോ. 15:11 –32) പശ്ചാത്താപപൂർണ്ണമായ മനസ്സോടെ ദേവാലയത്തിൽ പ്രാർത്ഥിക്കുന്ന ചുങ്കക്കാരനും (ലൂക്കോ. 18:10–14) കണ്ണീരൊഴുക്കി മാപ്പപേക്ഷിക്കുന്ന പാപിനിയായ സ്ത്രീയും (ലൂക്കോ. 7:36–50) മാനസാന്തരപ്പെട്ട് പുതുജീവിതത്തിന് തുടക്കമിടുന്ന സക്കായിയും (ലൂക്കോ. 19:1–10) ഇതിനുദാഹരണങ്ങളാണ്. ദൈവം എല്ലാറ്റിലും എല്ലാമാകുന്ന സ്ഥിതിവിശേഷമാണ് ദൈവരാജ്യം (1 കൊരി. 15:28). മനുഷ്യന്റെ ലൗകികജീവിതത്തിന്റെ എല്ലാ വശങ്ങളെയും അതു രൂപാന്തരപ്പെടുത്തുന്നു. രാഷ്ട്രീയസംവിധാനങ്ങളെയും സാമ്പത്തികക്രമത്തെയും അതു നിർണ്ണായകമായി സ്വാധീനിക്കുന്നു.

ദൈവരാജ്യത്തിനുവേണ്ടി എടുക്കുന്ന നിർണ്ണായകമായ തീരുമാനം ലൗകിക ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒരുവനേയും പിന്തിരിപ്പിക്കുന്നില്ല. അതു ലോകത്തെയും മനുഷ്യസമൂഹത്തെയും ഒരു പുതിയ കാഴ്ചപ്പാടിൽ കാണുവാനും അതിന്റെ വെളിച്ചത്തിൽ പുതിയൊരു പ്രവർത്തനശൈലി സ്വീകരിക്കുവാനുമാണ് പ്രേരിപ്പിക്കുന്നത്. ആശ്രമഭിത്തികൾക്കുള്ളിൽ അഭയം തേടുവാനോ ജീവിതത്തിന്റെ ലൗകിക വശങ്ങൾ നിഷേധിക്കുവാനോ അല്ല യേശു ആവശ്യപ്പെട്ടതെന്നു സുവിശേഷങ്ങളിൽ നിന്നു വ്യക്തമാണ്. യേശുവിന്റെ കാലത്തുതന്നെ ലോകത്തിന്റെ തിന്മകളിൽ നിന്ന് ഓടിഒളിക്കുവാൻ ശ്രമിച്ചിരുന്ന 'ആത്മീയസമൂഹങ്ങൾ' ഉണ്ടായിരുന്നു. അവയുടെ മാതൃകയിൽ ദൈവരാജ്യത്തിനുവേണ്ടി സമർപ്പിക്കുവാൻ യേശു ആരെയും ഉപദേശിച്ചില്ല. നിസ്വാർത്ഥ സ്നേഹത്തിന്റെയും സേവനത്തിന്റെയും ആത്മാവിൽ ലോകത്തെ അഭിമുഖീകരിക്കുവാനാണ് യേശു ആവശ്യപ്പെട്ടത്.

ദൈവരാജ്യത്തിനു വൈയക്തികവും സാമൂഹികവുമായ മാനങ്ങളുണ്ട്. വ്യക്തിയെയും സമൂഹത്തെയും ഒപ്പം ഉന്നംവയ്ക്കുന്നതാണ് ദൈവരാജ്യത്തിന്റെ നവീകരണപദ്ധതി. ലോകം നന്നാവാൻ വ്യക്തിയിൽ തുടങ്ങണമോ സമൂഹത്തിൽ തുടങ്ങണമോ എന്ന പ്രശ്നത്തിന് യേശുവിന്റെ ഉത്തരം വ്യക്തിയും സമൂഹവും ഒപ്പം നവീകരിക്കപ്പെടേണ്ടിയിരിക്കുന്നു എന്നാണ്. പല വിപ്ലവപ്രസ്ഥാനങ്ങളും എന്നപോലെ യേശുവിന്റെ കാലത്തെ യഹൂദ തീവ്രവാദികളുടെ (Zealots) വിപ്ലവവും സമൂഹത്തിന്റെ ഘടനയെ അഥവാ രാഷ്ട്രീയ സംവിധാനത്തെ മാത്രം ഉന്നംവയ്ക്കുന്നതായിരുന്നു. വ്യക്തിയുടെ ആന്തരികതലത്തിൽ പരിവർത്തനമുളവാക്കാത്ത സാമൂഹ്യപരിഷ്കാരങ്ങൾ സ്ഥായിയായ ഫലങ്ങളുളവാക്കുകയില്ല. ഇതു മനസ്സിലാക്കിക്കൊണ്ടാണ് യേശുവിന്റെ ദൈവരാജ്യപ്രഖ്യാപനം വ്യക്തികളുടെ നവീകരണത്തിന് പ്രാധാന്യം നല്കുന്നത്. പക്ഷെ ഇത് സമൂഹത്തിന്റെ രൂപാന്തരീകരണവും ഒപ്പം സാധ്യമാക്കിയിരുന്നു. യേശുവിന്റെ സമീപനരീതി തന്നെ സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളെ മറിച്ചുകടക്കുന്നതായിരുന്നു. യേശു എല്ലാവരെയും വിളിച്ചു. സമൂഹത്തിലെ മേൽനിരക്കാരെ മാത്രം പരിഗണിക്കുന്ന സ്വഭാവം യേശുവിനില്ലായിരുന്നു. ചുങ്കക്കാരും പാപികളും യഹൂദേതരും – എല്ലാവരും യേശുവിന്റെ സാർവ്വത്രികാഹ്വാനത്തിനു പാത്രമായി. മുഖംനോക്കാത്തതും, അതേ സമയം ദരിദ്രരോടും ദു:ഖിതരോടും പ്രത്യേക പരിഗണനയുള്ളതുമായ ഈ സമീപനം സമൂഹത്തിന്റെ ഘടനയിൽത്തന്നെ ചലനങ്ങൾ സൃഷ്ടിക്കുന്നവയായിരുന്നു. സമൂഹത്തിന്റെ താഴേക്കിടയിലുള്ളവരെ അതുയർത്തി എളിയവരും പരിത്യക്തരുമായവരെ പ്രത്യേകം പരിഗണിച്ചു.

യേശു ആഗ്രഹിച്ച സാഹോദര്യം വലുപ്പചെറുപ്പ വ്യത്യാസമില്ലാതെ സമൂഹത്തിലെ എല്ലാവരെയും ഒരു മേശയ്ക്കു ചുറ്റും കൊണ്ടുവരുന്നതായിരുന്നു (മർക്കോ. 2:15–17). വിലയില്ലാത്ത മനുഷ്യർക്കു വില നല്കുന്ന യേശുവിന്റെ സമീപനം സുവിശേഷത്തിലുടനീളം കാണാം. (തുടരും)

WEBSITE vedabhimani.com
FACE BOOK vedabhimani
MAIL vedabhimani@gmail.com
YouTube vedabhimani.com

# VEDABHIMANI

EXPERIENCE THE POWER OF TRUTH

Annual Subscription Rs.250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 May: 2023 at RMS Kayamkulam
Published on Ist May: 2023
RNI Registered No. KERMAL/2002/7361

# പ്രക്ഷുബ്ധതയിലും സമാധാനം

**രാ**ജാവിന് ചിത്രകലയോട് വലിയ താത്പര്യമായിരുന്നു. ഒരിക്കൽ രാജാവ് ചിത്രകാരന്മാർക്കായി ഒരു മത്സരം വെച്ചു. ശാന്തിയും സമാധാനവും മികച്ചരീതിയിൽ പ്രകടമാക്കുന്ന ഒരു ചിത്രം വരയ്ക്കണം. ഏറ്റവും നല്ല ചിത്രത്തിന് സമ്മാനം. രാജാവ് മത്സരം വിളംബരം ചെയ്തു. പറഞ്ഞ ദിവസംതന്നെ ചിത്രകാരന്മാർ തങ്ങളുടെ ചിത്രവുമായി കൊട്ടാരത്തിലെത്തി. രാജാവ് ചിത്രങ്ങൾ ഓരോന്നായി പരിശോധിച്ചു. ഒടുവിൽ അതിൽ നിന്ന് രണ്ടുചിത്രങ്ങൾ അദ്ദേഹം തിരഞ്ഞെടുത്തു.



എന്നിട്ട് മന്ത്രിയോടു പറഞ്ഞു: "ഇതിൽ നിന്ന് ഒരു ചിത്രത്തിന് നാം സമ്മാനം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ, അതിനുമുൻപ് ഇത് പൊതുജനങ്ങൾക്ക് കാണാനായി പ്രദർശനത്തിന് വയ്ക്കണം.

മന്ത്രി അങ്ങനെ ചെയ്തു. രണ്ടു ചിത്രങ്ങളിൽ ആദ്യത്തേതാണ് എല്ലാവർക്കും ഇഷ്ടമായത്. കാരണം, അതിൽ ശാന്തിയും സമാധാനവും അതിമനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്. കണ്ണാടിപോലുള്ള വെള്ളം ശാന്തമായി ഒഴുകുന്ന ഒരു കാട്ടരുവി. അരുവിയുടെ അടിഭാഗം വരെ കാണാവുന്നത്രയും ശുദ്ധമാണ് അതിലെ വെള്ളം. തൊട്ടടുത്തുള്ള മഞ്ഞുമലയുടെ പ്രതിബിംബം അരുവിയിൽ തെളിയുന്നത് അതിനെ കൂടുതൽ മനോഹരമാക്കുന്നു. തെളിഞ്ഞ നീലാകാശത്ത് പഞ്ഞിക്കെട്ടുപോലെ മേഘത്തുണ്ടുകൾ. എന്തുകൊണ്ടും മനസ്സിന് സമാധാനം തോന്നിക്കുന്ന ചിത്രം.

രണ്ടാമത്തെ ചിത്രമാകട്ടെ ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ്.

അതൊരു വരണ്ടുണങ്ങിയ മലയുടെ ചിത്രമായിരുന്നു. പച്ചപ്പൊന്നുമില്ലാത്ത മല. മലയുടെ മുകളിലുള്ള കാർമേഘത്തിൽനിന്ന് മിന്നൽ പിണറുകൾ പായുന്നു. മഴമൂലം കലങ്ങി കുത്തിയൊലിച്ചുവരുന്ന പുഴയും കാണാം. പുഴയുടെ കരയിൽ നിൽക്കുന്ന ഒരു മരം കാറ്റിൽ ആടിയുലയുന്നു. കാണുമ്പോൾത്തന്നെ മനസ്സിനെ അസ്വസ്ഥമാക്കുന്ന ചിത്രം.

രണ്ടുചിത്രങ്ങളും കണ്ടവർ സമ്മാനം ആദ്യത്തെ ചിത്രംതന്നെ കൊണ്ടുപോകുമെന്ന് വിധിയെഴുതി. വൈകാതെ രാജാവ് വിജയിയെ പ്രഖ്യാപിച്ചു. എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് രണ്ടാമത്തെ ചിത്രത്തിനാണ് രാജാവ് സമ്മാനം കൊടുത്തത്.

ഇതുകണ്ട് പലരും അദ്ഭുതപ്പെട്ടു. കാര്യമറിയാൻ മന്ത്രി രാജാവിനോട് ചോദിച്ചു: "പ്രഭോ, ആദ്യത്തെ ചിത്രമാണ് എല്ലാവർക്കും ഇഷ്ടമായത്. രണ്ടാമത്തെ ചിത്രം മനസ്സിനെ അസ്വസ്ഥമാക്കുന്നതാണല്ലോ. പിന്നെങ്ങനെ അതിന് സമ്മാനം കൊടുത്തു?" ഇതുകേട്ട് രാജാവ് പറഞ്ഞു: "എല്ലാവരും ആദ്യത്തെ ചിത്രത്തിന്റെ ഭംഗി മാത്രം ആസ്വദിച്ചു. എന്നാൽ, രണ്ടാമത്തെ ചിത്രം ആരും സൂക്ഷ്മമായി ആസ്വദിച്ചില്ല."

രാജാവ് സമ്മാനം കിട്ടിയ ചിത്രത്തിനടുത്തുചെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു: "കലങ്ങി കുത്തിമറിഞ്ഞൊഴുകുന്ന പുഴയുടെ കരയിൽ നിൽക്കുന്ന മരം കണ്ടില്ലേ. കാറ്റത്ത് ആടിയുലയുന്ന അതിന്റെ ചില്ലയിലൊന്നു നോക്കൂ. അതിലൊരു കിളിക്കൂടുണ്ട്. ആ കിളിക്കൂട്ടിലെ കുഞ്ഞുങ്ങൾക്ക് അമ്മക്കിളി എത്ര ശാന്തമായും സമാധാനത്തോടെയും സ്നേഹത്തോടെയുമാണ് ഭക്ഷണം കൊടുക്കുന്നതെന്നു നോക്കു.

രാജാവ് മന്ത്രിയെ നോക്കി തുടർന്നു: "ശാന്തതയുള്ളിടത്താണ് നമ്മൾ നിൽക്കുന്നത് എന്നതുകൊണ്ട് നമ്മൾ പ്രശ്നമില്ലാത്തിടത്താണ് നിൽക്കുന്നതെന്ന് അർഥമില്ല. എല്ലാവരും കരുതിയിരിക്കുന്നത് ശാന്തിയും സമാധാനവും എന്നത് പുറമേ കാണുന്നതാണ് എന്നാണ്. എന്നാൽ, അങ്ങനെയല്ല. ചുറ്റിലും പ്രക്ഷുബ്ധമായിരിക്കുമ്പോൾപ്പോലും ഉള്ളിൽ ശാന്തത നിലനിർത്തുകയും സ്വന്തം ജോലിയിൽ ശ്രദ്ധിച്ച് ലക്ഷ്യത്തിലേക്കെത്തുകയുമാണ് പ്രധാനം. ആ സന്ദേശമാണ് ഈ ചിത്രം നൽകുന്നത്.

ഇതേ നിലയിൽ തന്നെയാണ് യേശു സമാധാനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്.

# എല്ലാ തിരക്കുകളും അതോടെ തീർന്നു...

**വാ**ർധക്യത്തിലേക്കു നടന്നുതുടങ്ങിയിട്ടും ജീവിതം തിരക്കിലായിരിക്കുന്നവർ വായിച്ചറിയാൻ...!

നമ്മളാരും ഇനിയും വർഷങ്ങളോളം ജീവിക്കാൻ പോകുന്നില്ല. പോകുമ്പോൾ ഒന്നും എടുത്തുകൊണ്ടു പോകാനും പോകുന്നില്ല. അതിനാൽ ലുബ്ധനാവാതിരിക്കുക ചെലവഴിക്കേണ്ടിടത്തു ചെലവഴിക്കുക. വിഷമിച്ചാലും ഇല്ലെങ്കിലും വരാനുള്ളതു വന്നേതീരൂ. അതുകൊണ്ടു സന്തോഷവാനായിരിക്കുക! കഴിയുംവിധം ദാനധർമങ്ങൾ ചെയ്യുക!



നാം മരിച്ചതിനുശേഷം നമ്മുടെ സ്വത്തുക്കൾക്ക് എന്തു സംഭവിക്കുമെന്ന് ഓർത്തു വിഷമിക്കേണ്ടതില്ല. നിങ്ങൾ കഠിനാധ്വാനം ചെയ്തു നേടിയതെല്ലാം നിങ്ങളുടെ ജീവിതത്തോടൊപ്പം അവസാനിക്കും! നിങ്ങളോടു ചോദിക്കാതെതന്നെ അവ വീതിക്കപ്പെടും!

നിങ്ങളുടെ കുട്ടികളെ ഓർത്തു വിഷമിക്കേണ്ടതില്ല. അവരുടെ ജീവിതം വിധിപോലെ വരും! നിങ്ങൾക്കതിൽ യാതൊരു മാറ്റവും വരുത്താൻ കഴിയില്ല.

സമ്പാദിക്കാനുള്ള അത്യാഗ്രഹം കൊണ്ടു പണം തേടി അലയരുത്. നിങ്ങളുടെ ആരോഗ്യം പണത്തേക്കാൾ പ്രധാനമാണ്! പണംകൊണ്ട് ആരോഗ്യം വാങ്ങാനാവില്ല. ആയിരം ഏക്കർ കൃഷിയിറക്കിയാലും ദിനേന ഒരാൾക്ക് വയറ്റിൽ കൊള്ളുന്നതിൽ അധികം ആഹാരം കഴിക്കാൻ പറ്റില്ല! കൊട്ടാരംതന്നെയാണെങ്കിലും ഒരാൾക്കു സ്വസ്ഥമായി ഉറങ്ങാൻ 10 x 10 സ്ഥലം മാത്രം ധാരാളം മതിയാകും. അതിനാൽ അത്യാവശ്യമുള്ളതു നേടിയെങ്കിൽ ഉള്ളതു മതിയെന്നു കരുതി മനഃസമാധാനത്തോടെ ഇരിക്കുക.

ഓരോ കുടുംബത്തിലും ഓരോ വ്യക്തിക്കും പ്രശ്നങ്ങളുണ്ട്. ആയതിനാൽ ആരുമായും സ്വയം താരതമ്യം ചെയ്യാതിരിക്കുക! ആരും മാറില്ല! മാറ്റാൻ ശ്രമിച്ചാൽ നിങ്ങളുടെ സമയവും സ്വസ്ഥതയും ആരോഗ്യവും പാഴാകുന്നതു മിച്ചം!

എല്ലാവരും തിരക്കിലാണ്. അടുത്ത ബന്ധുവോ, സുഹൃത്തോ ഫോൺ വിളിച്ചാൽ കാൾ അറ്റൻഡ് ചെയ്യാൻ പോലും കഴിയാത്ത തിരക്ക്. അവസാനിക്കാത്ത തിരക്കു കാരണം വിട്ടുമാറാത്ത ടെൻഷനും തലവേദനയും. തിരക്കിനിടയിൽ ഡോക്ടറെ കാണാൻ സമയമില്ല. വേദനകൾ സഹിക്കാനാവാതെ ഒടുവിൽ ഡോക്ടറെ കാണാൻ ചെല്ലുമ്പോൾ അവിടെയും തിരക്ക്.

ഊഴമെത്തി, ഡോക്ടർ വിശദമായി പരിശോധിച്ച് സ്കാനിംഗിനു കുറിച്ചു. സ്കാനിംഗ് റൂമിനു മുന്നിൽ ചെന്നപ്പോൾ അവിടെയും ക്യൂ! ക്ഷമകെട്ടു നിൽക്കുന്നതിനിടെ മൊബൈലിൽ വിളിച്ചവരോടെല്ലാം കയർത്തു

സ്കാനിംഗ് കഴിഞ്ഞ് റിപ്പോർട്ട് കിട്ടാൻ പിന്നെയും കാത്തിരിപ്പ്. തിരക്കുതന്നെ കാരണം. റിസൾട്ട് വായിച്ചശേഷം കൂടെ ആരെങ്കിലും ഉണ്ടോയെന്നു ഡോക്ടർ ചോദിച്ചു. തിരക്കിനിടയിൽ ഒരാളെ കൂടെ കൂട്ടാൻ എവിടെ സമയം!!

ഡോക്ടർ പതുക്കെ പറഞ്ഞു: നിങ്ങൾ തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ ഒന്നു പോകുന്നതു നന്നായിരിക്കും വിദഗ്ധ ചികിത്സ ആദ്യമേ ലഭിച്ചാൽ ചിലപ്പോൾ ഭേദമാകും. അതു കേട്ടപാടെ എല്ലാ തിരക്കുകളും അവസാനിച്ചു

ഇപ്പോൾ നൂറുശതമാനം ഫ്രീയാണ്. ഒരു തിരക്കുമില്ല! എല്ലാ തിരക്കുകളും ഡോക്ടറുടെ ഒരൊറ്റ വാക്കുകൊണ്ട് അവസാനിച്ചിരിക്കുന്നു!!

ആരെങ്കിലുമൊക്കെ ഒന്നു വിളിച്ചിരുന്നെങ്കിലെന്ന് ആശിക്കുന്നു. തിരക്കിനിടയിൽ മറന്നുപോയ ബന്ധുക്കൾ, അയൽപക്കക്കാർ, സുഹൃത്തുക്കൾ അവരെല്ലാം അടുത്തു വന്ന് എന്തെങ്കിലുമൊക്കെ പറഞ്ഞ് സമാശ്വസിപ്പിച്ചിരുന്നെങ്കിൽ എന്നു കൊതിക്കുന്നു.

ഹേ മനുഷ്യാ, ഇത്രയേ ഉള്ളൂ നിന്റെ ജീവിതം...!!

## ഡയ്ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ ജീവിത ചിലവുകൾ വർദ്ധിച്ച ഇക്കാലത്ത് ജീവിതയാത്രയിൽ ശ്രദ്ധിക്കേണ്ട കാര്യം?

സാബു പോൾ, വെള്ളംകല്ലൂർ, ഇരിങ്ങാലക്കുട

☹ ***ശിഷ്ടകാലം മുകളിൽ മുറുകെ പിടിച്ച് മുണ്ടു മുറുക്കിയുടുത്ത് ബാലൻസ് പോകാതെ നിൽക്കുക.***

☺ ഈ രാജ്യത്ത് കിടക്കപ്പൊറുതിയില്ലാത്ത സ്ഥിതക്ക് ഇനി എന്തു ചെയ്യും?

കെ.സി.ജോസഫ്, കോളപ്ര, കുടയത്തൂർ, തൊടുപുഴ

☹ ***ദൈവരാജ്യത്തിലേക്ക് പൊറുതി മാറ്റുക***

☺ വാസ്തവത്തിൽ സഭാ പ്രസ്ഥാനങ്ങൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?

മോനമ്മ സൈമൺ, പാനോട്, കാട്ടാക്കട, തിരുവനന്തപുരം

☹ ***ക്രിസ്തുവിന്റെ വയലിൽ മാമോന്റെ കൃഷി***

☺ കറുപ്പു നിരോധനം കാക്കകൾക്കു വിനയാകുമോ?

ജോബി അലക്സ്, നെല്ലിക്കുഴി, കോതമംഗലം, എറണാകുളം

☹ ***തൽക്കാലം കാക്കകൾ മലർന്നു പറക്കട്ടെ***

☺ ഭാര്യ എന്ന പ്രയോഗം മാറി പങ്കാളി, ഹൗസ്വൈഫ് എന്നായി. ഇനിയും മാറ്റം വരാൻ സാധ്യതയുണ്ടോ?

സിനു ജോൺസൺ, പള്ളപ്പാടി, പാറത്തോട്, കോട്ടയം

☹ ***ഭാവിയിൽ പങ്കാളിയുമായി ഉണ്ടാക്കുന്ന കരാർ അനുസരിച്ച് കൺസൾട്ടന്റ്, പ്രോഗ്രാം മാനേജർ, ലൈഫ് ഓർഗനൈസർ എന്നൊക്കെ മാറ്റങ്ങൾ വരാം.***

☺ മദ്യപാനികൾ അനാരോഗ്യം മറന്ന് മദ്യത്തിനായി ഉത്സാഹികളാകുന്നതിനു കാരണം?

കെ.വി.തോമസ്, ചതകുന്ന, മൂലപ്പാടം, നിലമ്പൂർ

☹ ***സർക്കാരിന്റെ സാമ്പത്തിക ബാധ്യത മറികടക്കാനുള്ള ഉത്തരവാദിത്വം തങ്ങളുടെ ചുമലിലാണെന്ന ബോധ്യമാണവരെ ഉത്സാഹികളും കർമ്മനിരതരുമാക്കുന്നത്.***

☺ ജീവിത ചെലവുകൾ വർദ്ധിച്ചു. പേടിച്ച് വഴിയിലിറങ്ങാൻ പറ്റുന്നില്ല?

ഷിനു മാനുവേൽ, മല്ലശ്ശേരി, തെങ്ങിൻകാവ്, പത്തനംതിട്ട

☹ ***കോവിഡുകാലത്ത് ചെയ്തതുപോലെ കതകടച്ച് വീട്ടിൽ ഇരിക്കുക.***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally